**അടിയന്തരപ്രമേയം**

കോവിഡ് മൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: കോവിഡ് മഹാമാരിയും ലോക്ക്ഡൗണും കാരണമുണ്ടായ തകർച്ചയും സാധാരണ ജനങ്ങൾക്കുണ്ടായ സാമ്പത്തിക ബാദ്ധ്യതയും പരിഹരിക്കാൻ ക്രിയാത്മകമായിട്ടുള്ള ഇടപെടൽ നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചുള്ളതാണ് ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസ്. വളരെ ഗുരുതരമായ സാമ്പത്തികപ്രതിസന്ധി ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. വലിയ സാമ്പത്തിക ബാദ്ധ്യതയും തൊഴിൽ നഷ്ടവുമാണ് ഉണ്ടായിരിക്കുന്നത്. പക്ഷെ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ

ക്രിയാത്മകമായി ഇടപെടുന്നില്ലായെന്നുപറഞ്ഞത് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുന്ന ഒരു കാര്യമാണെന്ന് ഞാൻ കരുതുന്നില്ല. ഈ സഭയിലുള്ള പ്രതിപക്ഷാംഗങ്ങൾപോലും കരുതുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അടിയന്തരപ്രമേയത്തിനുവേണ്ടി പ്രതിപക്ഷത്തിന് ഇങ്ങനെയൊരു വിഷയം ഉന്നയിക്കേണ്ടി വന്നേക്കാം. കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കോവിഡ് പാക്കേജിന്റെ വിശദാംശങ്ങൾ പലതവണ ചർച്ച ചെയ്തതുകൊണ്ട് എല്ലാം ഞാൻ ഓർമ്മിപ്പിക്കുന്നില്ല. കോവിഡ് പോലുള്ള മഹാമാരി വന്നാൽ നമ്മൾ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം ആളുകളുടെ ആരോഗ്യം സംരക്ഷിക്കുക എന്നതാണ്. ആരോഗ്യ സംരക്ഷണത്തിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണിത്. സ്വകാര്യ മേഖലയേയുംകൂടി ഉൾപ്പെടുത്തി സൗജന്യ ചികിത്സാ സംവിധാനം നടപ്പിലാക്കി. ആളുകൾക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവുമുണ്ട്. അത് ജനങ്ങളുടെ ആരോഗ്യത്തെയും ജീവിതത്തെയും ബാധിക്കരുത് എന്ന ലക്ഷ്യംമുന്നിൽകണ്ട് അവർക്ക് ഭക്ഷണം എത്തിച്ചുകൊടുക്കാനുള്ള പ്രത്യേക പദ്ധതികൾ ഈ സമയത്ത്

നടപ്പിലാക്കിയിട്ടുണ്ട്. സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിവരികയാണ്. അതിന്റെ കണക്കുകൾ നമ്മൾ പലതവണ പറഞ്ഞിട്ടുള്ളതാണ്. ഏകദേശം 90 ലക്ഷത്തോളം ആളുകൾക്ക് ഭക്ഷണം എത്തിക്കുന്നുണ്ട്.

അതുകൂടാതെ പെൻഷൻ എത്തിച്ചുകൊടുക്കുന്നുണ്ട്. പെൻഷൻ കിട്ടാത്ത ആളുകൾക്ക് ധനസഹായം എത്തിക്കാനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കി. ഇതിനെല്ലാം പുറമെ കഴിഞ്ഞവർഷം ആദ്യമായി കോവിഡ് പാക്കേജ് കൊണ്ടുവന്നത് കേരളമായിരുന്നു എന്ന് നമുക്കറിയാം. 20,000 കോടി രൂപയുടെ പാക്കേജിൽ ജനങ്ങളുടെ കയ്യിൽ പണമെത്തിക്കുന്നതിനുള്ള വിവിധ ഘടകങ്ങളുണ്ടായിരുന്നു. ലക്ഷ്യമിട്ടതിന്റെ ഇരട്ടിയിലധികം തുക ഒന്നാം കോവിഡ് പാക്കേജിൽ ചെലവഴിക്കാൻ കഴിഞ്ഞുവെന്നത് അനുഭവത്തിൽ വന്നതാണ്. ഇതുവരെ 23,205 കോടി രൂപ ഒന്നാം പാക്കേജിന്റെ ഭാഗമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ കയ്യിൽ അടിയന്തരമായി പണമെത്തിക്കാനുള്ള വിവിധ നടപടികൾ സ്വീകരിച്ചു. ഉപജീവനം മുട്ടിയവർക്ക് സമാശ്വാസം, സംരംഭക മേഖലയെ ഉണർത്താൻ വിവിധ പരിപാടികൾ എന്നിവ നടപ്പിലാക്കി. അതുപോലെ മൂന്നുഘട്ടങ്ങളിലായി 70 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമപെൻഷൻ

നൽകുന്നതിന് ചെലവഴിച്ചത് 5681 കോടി രൂപയും കരാറുകാർക്കും വിതരണക്കാർക്കും നൽകിയത് 7316 കോടി രൂപയുമാണ്. കുടുംബശ്രീ വഴി മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി ലക്ഷ്യമിട്ടത് 2000 കോടി രൂപയായിരുന്നു, വായ്പാവിതരണത്തിന് 1731 കോടി രൂപ നൽകി. ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രകാരം 2.1 കോടി അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ക്ഷേമപെൻഷൻ ഒന്നും കിട്ടാത്തവർക്ക് അതായത്, പൊതുവിലുള്ള ലിസ്റ്റിൽ വരാത്തവർക്ക് പ്രത്യേകമായി 146 കോടി രൂപ വിതരണം ചെയ്തു. ഇങ്ങനെയെല്ലാം കോവിഡിന്റെ ഒന്നാം ഘട്ടത്തിൽ ചെയ്തിട്ടുണ്ട്.

രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപ വകയിരുത്തി. ഉപജീവനം പ്രതിസന്ധിയിലായവർക്ക് അവരുടെ കയ്യിലേയ്ക്ക് പണമായോ ഉല്പന്നങ്ങളായോ എത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും വകയിരുത്തി. ക്ഷേമപെൻഷൻ ലഭിക്കാത്തവർക്ക് 1000 രൂപാവീതം നൽകുന്നതിനുള്ള

പദ്ധതിയും ആരംഭിച്ചു. കോവിഡ് സാഹചര്യമായതിനാൽ മസ്റ്ററിംഗ് ഒഴിവാക്കിക്കൊണ്ട് പെൻഷൻ നൽകിവരികയാണ്. സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുന്ന കാര്യം സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇപ്പോൾ ഓണക്കിറ്റുകൾ അടക്കം കൊടുക്കുന്നു. ഇതിനുപുറമെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള PACS (Primary Agricultural Credit Society) വഴി 2000 കോടി രൂപ കാർഷികമേഖലയുടെ ഉത്തേജനത്തിനായി നൽകാനുള്ള പദ്ധതിയുമുണ്ട്. വാണിജ്യാവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 1600 കോടി രൂപയും എം.എസ്.എം.ഇ-കൾക്ക് കുറഞ്ഞ പലിശനിരക്കിൽ അധിക പ്രവർത്തനമൂലധനം ഉറപ്പാക്കാനുള്ള ടേം ലോൺ നൽകാൻ 2000 കോടി രൂപയും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 1000 കോടി രൂപയും ലഭ്യമാക്കി. നോർക്കാ സെൽഫ് എംപ്ലോയ്മെന്റ് സ്കീം വഴി 1000 കോടി രൂപയും കെ.എഫ്.സി. വഴി ടൂറിസം മേഖലയുൾപ്പെടെയുള്ള ചെറുകിട വ്യവസായമേഖലയ്ക്ക് 500 കോടി രൂപയും ഇടത്തരം സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ അതിവേഗ വളർച്ചയ്ക്കുള്ള പ്രത്യേക പദ്ധതികളും പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്ക് കുറഞ്ഞപലിശയ്ക്ക് വായ്പ നൽകുന്നതിന് 10 കോടി രൂപയുമെല്ലാം പ്രഖ്യാപിച്ചത് നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. ഒരു

ഹൈലൈറ്റായി ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത് അതീവദരിദ്രരെ കണ്ടെത്താനുള്ള പരിപാടിയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് അതീവദരിദ്രരെ കണ്ടെത്താനുള്ള സമഗ്ര സർവ്വേയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതുകൂടാതെ വിവിധ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള സ്കീമുകളുണ്ട്. എം.എസ്.എം.ഇ. യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50 ശതമാനം താങ്ങുപലിശയും 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും 30,000 രൂപ മുതൽ പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്ന പ്രത്യേക സ്കീമും പ്രഖ്യാപിച്ചു. മൊറട്ടോറിയത്തിന്റെ കാര്യം പറഞ്ഞത് ശരിയാണ്. സംസ്ഥാന ഗവൺമെന്റിന് മൊറട്ടോറിയം പ്രഖ്യാപിക്കാൻ അവകാശമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഇക്കാര്യം ചൂണ്ടിക്കാണിച്ച് കത്തയച്ചിട്ടുണ്ട്. അദ്ദേഹം പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് നമുക്ക് കിട്ടാനുള്ള കുടിശ്ശികയുടെയും മൊറട്ടോറിയത്തിന്റെ വിഷയവും സംസാരിച്ചിരുന്നു. വിവിധ മേഖലകളിൽ ഇതുപോലുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അഖിലേന്ത്യാതലത്തിലുള്ള സ്ഥിതിയുമായി താരതമ്യം ചെയ്താൽ കേരളത്തിൽ മികച്ച രീതിയിൽ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഇതുസംബന്ധിച്ച്

ചർച്ച കൊണ്ടുവരണമെന്ന് അടിയന്തരപ്രമേയത്തിലൂടെ പറഞ്ഞത് ശരിയാണ്. എന്നാൽ അടുത്ത മൂന്ന് ദിവസങ്ങളിൽ ധനകാര്യത്തെ സംബന്ധിച്ച് മാത്രം ചർച്ച ചെയ്യാനുള്ള അവസരം കൂടിയുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം ഇല്ല.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ കാഷ്വലായിട്ടുള്ള അപ്രോച്ചാണ് എന്റെ അടിയന്തരപ്രമേയത്തിന്റെ നിദാനം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് ഞങ്ങൾ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ടെന്നാണ്. അതുപോലെതന്നെ ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ പറയാമെന്നുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി ഇതാണോ രാജ്യത്തെ സ്ഥിതി? കോവിഡിനെ തുടർന്ന് അടച്ചിട്ട നമ്മുടെ സംസ്ഥാനത്തെ ഓരോ സെക്ടറിലേയും ആളുകൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതത്താൽ കേരളം ദരിദ്രമായി കഴിഞ്ഞിരിക്കുകയാണ്. ആളുകളുടെ കയ്യിൽ കാശ് എന്നുപറയുന്ന ഒരു സാധനമില്ല. എല്ലാം മേഖലകളിലും ആത്മഹത്യാ പ്രവണതയാണുള്ളത്. ബേക്കറിക്കാരൻ ആത്മഹത്യ ചെയ്തു, ബസ് ഉടമ, ലൈറ്റ് ആന്റ് സൗണ്ട്

ഉടമകൾ, കർഷകൻ, സ്റ്റേഷനറി കടക്കാർ, വ്യാപാരികൾ തുടങ്ങിയ ആളുകൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ നിങ്ങൾ കേൾക്കുന്നില്ലേ. ഇക്കാര്യങ്ങൾ രണ്ടുമൂന്ന ദിവസം കഴിഞ്ഞ് ഇവിടെ ചർച്ച നടക്കുമ്പോൾ പറഞ്ഞാൽ പോരെ എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഇന്നലെ യു.ഡി.എഫ്. ധാരാളം സമയം ചർച്ച ചെയ്തു, യു.ഡി.എഫ്. എന്നുപറയുമ്പോൾ രാഷ്ട്രീയമാണെന്ന് കരുതേണ്ട. അതിൽ ഞാനുൾപ്പെടെ വ്യത്യസ്ത വീക്ഷണങ്ങളുള്ള കുറേ എം.എൽ.എ.മാരുണ്ട്. ജനാധിപത്യമല്ലേ, ഞങ്ങൾക്ക് ഞങ്ങളുടേതായ അഭിപ്രായമുണ്ട്. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ ഗവൺമെന്റ് തുടരുന്ന പോളിസി ശരിയല്ല. ഇതുമായി ബന്ധപ്പെട്ട് നിരവധി വിദഗ്ദ്ധന്മാരോട് സംസാരിച്ചു. അതുസംബന്ധിച്ച് അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഞങ്ങളുടെ വീക്ഷണമാണ് പറയുന്നത്. അതിൽ ആരും പ്രകോപിതരാകണ്ട, ആരോടും ദേഷ്യം തീർക്കുകയല്ല, ആത്മഹത്യയും തകർച്ചയും ഇത്രയധികം സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്, നമ്മുടേത് എങ്ങനെ പോയൊരു സംസ്ഥാനമാണ്? എങ്ങനെ വളർന്ന സ്റ്റേറ്റാണ്: ഇന്ത്യയ്ക്ക് മാതൃകയായിരുന്ന നമ്മുടെ സംസ്ഥാനം ഇപ്പോൾ പൊളിഞ്ഞ് പാളീസായി ജനങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുകയാണ്......(ബഹളം)........

നിങ്ങളെന്തിനാണ് പ്രകോപിതരാകുന്നത്. ഇതൊക്കെ നിങ്ങളുണ്ടാക്കിയതാണെന്ന് പറയുന്നില്ല. പക്ഷേ, .....(ബഹളം)........ ഇത്രയും പ്രധാനപ്പെട്ട വിഷയം ഉന്നയിക്കുമ്പോൾ.......

മി. സ്പീക്കർ: അങ്ങ് വളരെ ഗൗരവമുള്ള കാര്യം പറഞ്ഞപ്പോൾ ഭരണപക്ഷത്തുനിന്നും കയ്യടിച്ചതാണ് ഈ പ്രതികരണത്തിനിടയാക്കിയത്. ഭരണപക്ഷാംഗങ്ങൾ നിശബ്ദരായിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കട്ടെ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രതിപക്ഷാംഗങ്ങൾ കൈകെട്ടിയിരുന്നോളൂ. ആരും കയ്യടിക്കണ്ട. ഇതെല്ലാം ജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. ഇന്നലെ യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി ഈ വിഷയം ചർച്ച ചെയ്തു. ജനങ്ങളുടെ കയ്യിൽ നേരിട്ട് പണമെത്തിക്കണമെന്ന് യു.ഡി.എഫ്. ഇലക്ഷൻ കാലത്ത് പറഞ്ഞിരുന്നു. വ്യക്തമായൊരു അഭിപ്രായമായിരുന്നു അത്. ബി.ജെ.പി.ക്ക് പകരം ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ മറ്റ് യു.പി.എ. കക്ഷികളെല്ലാം കൂടി വളരെയധികം ചർച്ച ചെയ്ത് അവതരിപ്പിച്ചതാണ് ന്യായ്പദ്ധതി. ഞാനും അങ്ങും പാർലമെന്റിലുണ്ടായിരുന്ന സമയത്താണെന്നു തോന്നുന്നു,

അതുസംബന്ധിച്ച് എനിക്ക് ഓർമ്മയില്ല. ആ പേരൊന്നും പറയേണ്ട. പക്ഷേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആ പദ്ധതി നടപ്പിലാക്കി. തമിഴ്നാട്ടും ജാർഖണ്ഡും ഹരിയാനയും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി. ഇടതുകൈ കൊണ്ട് ഫൈൻ വാങ്ങുകയും വലതുകൈ കൊണ്ട് കിറ്റുകൊടുക്കുകയും മാത്രം തുടർന്നാൽ നമ്മുടെ സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥ ശരിയാകുമോ? ഒരു നേരത്തെ ഭക്ഷണത്തിന് ആട്ടോറിക്ഷ ഓടിച്ചുപോകുമ്പോൾ അല്ലെങ്കിൽ മറ്റെന്തെങ്കിലും ആവശ്യത്തിന് പോകുമ്പോൾ അവരിൽനിന്നും ആവുന്നത്ര ഫൈൻ കളക്ട് ചെയ്യുകയാണ്. കൂലിവേലക്കാരുടെ കാര്യവും വലിയ കഷ്ടമാണ്. അവർക്ക് ജോലിയില്ല. രാവിലെ ജോലിക്ക് പോകുമ്പോൾതന്നെ അവരെ പിടികൂടി ഫൈൻ ഈടാക്കുകയാണ്. ഫൈൻ കഴിയുന്നത്ര വർദ്ധിപ്പിക്കുകയെന്ന ഒരു പോളിസി പോലീസുകാരുടെ കയ്യിൽ കൊടുത്തിരിക്കുകയാണ്. ഇടതുകൈകൊണ്ട് പിടിച്ചുവാങ്ങുകയും വലതുകൈകൊണ്ട് കൊട്ടിഘോഷിച്ച് സൗജന്യ ഭക്ഷ്യകിറ്റ് കൊടുക്കുകയുമാണ്. ഇലക്ഷൻ കാലത്തിന് തൊട്ടുമുമ്പാണെങ്കിൽ കിറ്റ് ജയിക്കാൻ കൊള്ളാം. പക്ഷേ, കാലാകാലങ്ങളിൽ ഇക്കണോമിയെ ശക്തമാക്കാൻ പോളിസിയുണ്ടാക്കേണ്ട ഗവൺമെന്റ് അത് ചെയ്യാതിരുന്നാൽ

പറ്റുമോ? അക്കാര്യത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്, അതുകൊണ്ടാണ് യു.ഡി.എഫ്. ഇന്നലെ ചർച്ച ചെയ്ത ഈ വിഷയം ആതറൈസേഷനനുസരിച്ച് അടിയന്തരപ്രമേയമായി ഞാൻ കൊണ്ടുവന്നത്. കോവിഡും കോവിഡിനുശേഷമുള്ള നിയന്ത്രണവും സംബന്ധിച്ച പോളിസി ആരാണുണ്ടാക്കുന്നത്? അത് ഞങ്ങൾ നോക്കിക്കൊള്ളാം അതുസംബന്ധിച്ച് നിങ്ങൾക്കെന്തറിയാം; ഞങ്ങളാണ് ഭരണകക്ഷിയെന്ന് പറഞ്ഞാൽപറ്റുമോ? ഈ രാജ്യത്തെ ജനങ്ങളിൽ, വ്യാപാരികളും വ്യവസായികളും കൃഷിക്കാരും കൂലിപ്പണിക്കാരും മത്സ്യത്തൊഴിലാളികളുമുണ്ട്. നികുതിയും വാടകയും അത്തരത്തിലുള്ള എല്ലാ ഫീസും അവർ ഒടുക്കണം, എന്നാൽ കട തുറക്കാനോ പുറത്തിറങ്ങാനോ അവർക്കനുവാദമില്ല. ഇതെന്ത് മാജിക്കാണ്? ആരെക്കൊണ്ടാണ് ഇതൊക്കെ ചെയ്യാൻ കഴിയുന്നത്. ഞങ്ങൾക്ക് കാര്യമായ സംശയമുണ്ട്, ഈ പോളിസിയുണ്ടാക്കുന്നത് ആരാണ്? ബഹുമാന്യരായ മുൻ ആരോഗ്യ വകുപ്പുമന്ത്രിയും നിലവിലെ ആരോഗ്യ വകുപ്പുമന്ത്രിയും സഭയിലുണ്ട്, ലോകം മുഴുവൻ പിന്തുടരുന്ന കോവിഡ് നയമല്ല നിങ്ങൾ ഇവിടെ നടപ്പാക്കിയത്. Trace, Test, & Treat ഈ മൂന്ന് "T" കളിലാണ് ലോകം പിൻതുടർന്നത്. കേരള മോഡൽ, നിങ്ങൾ

കൊട്ടിഘോഷിച്ച് റൂട്ട് മാപ്പുണ്ടാക്കി, ആർക്കെങ്കിലും കോവിഡുണ്ടായാൽ അവരുടെ പുറകെ ചെന്ന് അയാൾ എവിടെയെല്ലാം പോയി...... ഇടുക്കിയിലെ ഉസ്മാന്റെ യാത്ര ചരിത്രപരമായ ഒന്നായിരുന്നു., അതിന്റെ പുറകെ ഏതാണ്ടൊരു സ്പേസ് യാത്രതന്നെ നടത്തി. ആ റൂട്ട് മാപ്പിന്റെ കാലം ഇപ്പോൾ ആലോചിച്ചുനോക്കിയിട്ടുണ്ടോ? എന്റെ വാചകങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ ഉദ്ദേശശുദ്ധിമാനിച്ച് മാപ്പാക്കണം. എല്ലാവർക്കും കോവിഡ് വരട്ടെ, അപ്പോൾ ശരിയാകും എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മിനിഞ്ഞാന്ന് ഇവിടെ പറഞ്ഞത്, കോവിഡ് വന്നാൽ എല്ലാവർക്കും cured immunity ഉണ്ടാകുമെന്ന് വിചാരിച്ചാണോ ഇപ്പോഴിരിക്കുന്നത്. മുഴുവൻ അടച്ചിടുന്ന ഈ നയം ശരിയല്ല. അതിൽ എന്തോ പിശകുണ്ട്. Trace, Test, & Treat പോളിസിയെടുത്ത് കഴിയുന്നത്ര ആളുകളെ ടെസ്റ്റ് ചെയ്ത് Trace ചെയ്ത് ട്രീറ്റ് ചെയ്തശേഷം കഴിയുന്നത്ര ആളുകൾക്ക് വാക്സിനേഷൻ നൽകി ഒരു വാക്സിനേറ്റഡ് സൊസൈറ്റിയുണ്ടാക്കണം. ലോകം മുഴുവൻ അത്തരമൊരു സിസ്റ്റം ഡെവലപ് ചെയ്തിരിക്കുകയാണ്. ഞാനൊരു വിദഗ്ധനൊന്നുമല്ല, സാധാരണ രാഷ്ട്രീയക്കാരനാണ്. ഇതുസംബന്ധിച്ച വിദഗ്ധാഭിപ്രായം ആരായാൻ നിങ്ങൾക്ക് ആളെ ലഭിക്കില്ലേ? കോവിഡ് പോളിസിയിൽ

അടച്ചിടൽ നയം തീരുമാനിക്കുന്നതാരാണ്? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വളരെ കാഷ്വലായി മറുപടി പറയേണ്ട വിഷയമല്ലിത്. ആരാണ് അടച്ചിടൽ പോളിസി തീരുമാനിക്കുന്നതെന്ന് അറിയാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. അത് വളരെ അശാസ്ത്രീയമാണെന്നാണ് പറയുന്നത്. മുഴുവൻ അടച്ചിട്ടശേഷം ഇടയ്ക്കൊരുദിവസം തുറക്കുമ്പോൾ ഈച്ച വരുന്നതുപോലെ കൂട്ടത്തോടെ ആളുകൾ വരികയും എല്ലാവരും കോവിഡുമായി മടങ്ങിപ്പോകുകയും ചെയ്യുന്നു. ഇതാണ് ഇവിടെ നടക്കുന്നത്. ലോകത്ത് മറ്റെവിടെയും ഈ രീതിയില്ല. ലോകത്ത് Trace, Test, & Treat കഴിഞ്ഞ് ഒരു സിസ്റ്റം ഡെവലപ് ചെയ്ത് കൂടുതൽ സമയം കൊടുത്ത്.......... നിങ്ങൾ ഇപ്പോൾ ബിവറേജ് കോർപ്പറേഷനിൽ എടുക്കുന്ന നയം തന്നെയാണത്. ബിവറേജ് കോർപ്പറേഷനിൽ വളരെ നന്നായി ഈ നയം നടപ്പാക്കിയിട്ടുണ്ട്. ആ നയം മറ്റ് കച്ചവട സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൂടേ? ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഈ സിസ്റ്റം കൊണ്ടുവന്നുകൂടെ? ലോകം മുഴുവൻ ഒരു സിസ്റ്റം ഡെവലപ് ചെയ്യുകയും ജനങ്ങൾ അത് അനുസരിക്കുകയും ചെയ്യുന്നു. എല്ലാവരും മാസ്ക് കൃത്യമായി ധരിക്കും, കഴിയുന്നത്ര വാക്സിൻ കൊണ്ടുവന്ന് സൊസൈറ്റിയെ വാക്സിനേറ്റ്

ചെയ്യണം. മാത്രമല്ല, കച്ചവട സ്ഥലങ്ങളിലും മാളുകളിലും മറ്റ് ആവശ്യങ്ങൾക്കും പോകുന്നവർക്ക് കൂടുതൽ സമയം നൽകിയാൽ ക്യൂ നിന്ന് സിസ്റ്റമാറ്റിക്കായി സാധനം വാങ്ങാൻ സാധിക്കില്ലേ? കോവിഡെന്നാൽ രണ്ടുപേർ തമ്മിൽ സാമൂഹിക അകലം പാലിക്കുകയും അസുഖം പകരാതിരിക്കാൻ മാസ്ക് ധരിക്കുകയും വേണം. അതിനുപകരം സകലതും അടച്ചിട്ട് എല്ലാവരുടെയും ജീവിതം പ്രയാസത്തിലാക്കി എത്ര കാലം ഇങ്ങനെ തുടരാൻ സാധിക്കും? ലോകത്ത് കോവിഡ് ഏറ്റവും കൂടുതലുള്ള രാജ്യം ഇന്ത്യയാണ്. അതിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. ഇതിന്റെ അർത്ഥമെന്താണ്? കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണെന്നും ലോക മാതൃകയെന്നും പറഞ്ഞ് നടന്നിട്ട്, അവസാനം ലോകത്ത് കോവിഡിൽ ഒന്നാം സ്ഥാനം കേരളത്തിനായി. WHO പറയുന്നത് രണ്ടാം തരംഗം അവസാനിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. ഇവിടെ രണ്ടാം തരംഗം അവസാനിച്ചുകൊണ്ടിരിക്കുകയാണോ? രണ്ടാം തരംഗം അവസാനിക്കുകയല്ല, ഇപ്പോൾ കൂടിക്കൊണ്ടിരിക്കുകയാണ്. ലോകം മുഴുവൻ രണ്ടാം തരംഗം അവസാനിച്ച് മൂന്നാം തരംഗം വരുമോയെന്ന് പേടിയോടെ കാത്തിരിക്കുമ്പോൾ ഇവിടെ രണ്ടാം തരംഗം

കൂടിക്കൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല, വിദ്യാർത്ഥികളുടെ അവസ്ഥ ആലോചിച്ചുനോക്കൂ. ഓൺലൈൻ......

മി. സ്പീക്കർ: പ്ലീസ്........

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. ഇതല്ലാതെ മറ്റെന്ത് വിഷയമാണ് ചർച്ച ചെയ്യാനുള്ളത്? ഇവിടെ വ്യവസായവും കൃഷിയും ടൂറിസവുമുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാഷ്വലായി കാര്യങ്ങൾ പറഞ്ഞു, എന്നാൽ ഇതൊന്നുമില്ലാതെ എവിടെനിന്നാണ് വരുമാനമുണ്ടാകുന്നത്? ഹിമാചൽ പ്രദേശിൽ പുറത്തുനിന്നും ഫ്ലൈറ്റുകളില്ല. പക്ഷേ ലോക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ അവരൊരു പോളിസിയെടുത്തു. കോവിഡ് നിയന്ത്രണങ്ങളോടെ ലോക്കൽ ടൂറിസം സംബന്ധിച്ചൊരു സിസ്റ്റം കൊണ്ടുവന്നു. നിരവധി ടൂറിസ്റ്റുകൾ അവിടെ വന്നുപോകുന്നുണ്ട്. അതുപോലെ പല സ്ഥലങ്ങളിലും വിദ്യാലയങ്ങൾ ഓൺലൈൻ സമ്പ്രദായത്തിൽനിന്നും മാറ്റി ചെറിയ തോതിൽ തുറന്നിട്ടുണ്ട്. എന്തിനാണ് മറ്റ് സംസ്ഥാനങ്ങൾ ഉദാഹരണമായെടുക്കുന്നത്, നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഇപ്പോൾ കോവിഡ് കുറഞ്ഞിട്ടുണ്ട്. അവിടെ ഓരോരുത്തർക്കും നാലായിരം

രൂപ വച്ചുകൊടുക്കുന്നുണ്ട്. ആ തുക കാലാകാലം കൊടുക്കുമോയെന്നും അറിയില്ല. പക്ഷേ ഇപ്പോൾ കൊടുക്കുന്നുണ്ട്. അതുപോലെ ജനങ്ങൾക്ക് നേരിട്ട് കാശ് എത്തിക്കണം. അതുമാത്രമാണ് ഇതിനുള്ള പരിഹാരം, അല്ലാതെ കിറ്റല്ല, കിറ്റ് കൊടുക്കണം അതും അവർക്ക് സഹായംതന്നെയാണ്. എനിക്ക് പ്രവാസികളുടെ കാര്യംകൂടി സൂചിപ്പിക്കാനുണ്ട്.

മി. സ്പീക്കർ: അങ്ങ് ആവശ്യപ്പെട്ട സമയം അനുവദിച്ചുകഴിഞ്ഞു....പ്ലീസ് ദയവായി അങ്ങ് ചുരുക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത് ജനങ്ങൾ അറിയേണ്ട വിഷയമാണ്, പ്രതിപക്ഷ ഉപനേതാവ് എന്നത് പോകട്ടേ, ഈ വിഷയത്തിന്റെ പ്രാധാന്യം കാണേണ്ടതാണ്. ഇതിനേക്കാൾ പ്രധാനപ്പെട്ട വിഷയം വേറെ എന്താണ് ഉള്ളത്? രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ നിർത്താം. ഒന്ന്, പ്രവാസികളുടെ കാര്യമാണ്. കേരളത്തിന്റെ ഇക്കണോമി, നിങ്ങൾ വലിയ അന്തസ്സൊക്കെ പറഞ്ഞ് നടക്കുന്നുണ്ടല്ലോ, അമേരിക്കയിലും, ഗൾഫിലും തുടങ്ങി മലയാളികൾ ഇല്ലാത്ത സ്ഥലമൊന്നുമില്ല. കേരളത്തിലേക്കുള്ള റെമിറ്റൻസ് എത്രയായിരുന്നു?

ഇപ്പോൾ എത്രയാണ് റെമിറ്റൻസ്? പ്രവാസികളിൽ 50 ശതമാനം പേരും വൈകാതെ മടങ്ങിയെത്തും. ഇപ്പോൾ 25-30 ശതമാനം ആയിക്കഴിഞ്ഞു, 50 ശതമാനംപേരും മടങ്ങിയെത്തും. തൊഴിൽ നഷ്ടപ്പെട്ടാണ് ബഹുഭൂരിപക്ഷവും തിരിച്ചെത്തുന്നത്. കേരളത്തിന്റെ ഇക്കണോമി തകരും, ഇവിടെ അന്യസംസ്ഥാന തൊഴിലാളികൾ കുറെയൊക്കെ പോയിത്തുടങ്ങി. എന്താണ് കാരണം, ഇവിടെ പണി ഇല്ല. നിർമ്മാണത്തൊഴിലാളികൾക്ക് ഇവിടെത്തന്നെ പണിയില്ല, ഏതുപണിയും ചെയ്യാൻ ഇവിടെയുള്ള നിർമ്മാണത്തൊഴിലാളികൾ തയ്യാറാണ്. ഇപ്പോഴത്തെ പോളിസി തെറ്റാണെന്നാണ് ഞാൻ പറയുന്നത്. കോവിഡ് വന്നത് നമ്മുടെ കുറ്റം കൊണ്ടല്ല, ലോകം മുഴുവൻ ഒരു സിസ്റ്റം ഡെവലപ്മെന്റ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ പല സംസ്ഥാനങ്ങളും ഒരു സിസ്റ്റം ഡെവലപ്മെന്റ് ചെയ്തുകഴിഞ്ഞു, നിങ്ങൾ വിദഗ്ദ്ധൻമാരോട് ചോദിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, പ്രതിപക്ഷ നേതാവ് പോലും ഇത്രയും സമയം ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ നിർത്തുകയാണ്, എന്താണ് വേണ്ടതെന്ന് വളരെ വ്യക്തമായി പറയാം. എല്ലാ കാര്യത്തിലും ഞങ്ങൾ

തീരുമാനിക്കും, നിങ്ങൾ മിണ്ടണ്ട എന്നുള്ള ആ പോളിസി നിങ്ങൾ ആദ്യം തിരുത്തണം. ഇതൊക്കെ വിദഗ്ധൻമാരോട് അഭിപ്രായം ചോദിക്കണം, ഏത് വിദഗ്ധനോടാണ് അഭിപ്രായം ചോദിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ, ആരോട് ചോദിച്ചിട്ടാണ് നിങ്ങളുടെ ഈ പോളിസി തീരുമാനിക്കുന്നത്. ഇത് വളരെ ഡിഫിക്കൽറ്റായിട്ടുള്ള പ്രശ്നമാണ്, കോവിഡ് പരക്കാനും പാടില്ല, അതേ അവസരത്തിൽ രാജ്യത്തെ കാര്യങ്ങൾ നടക്കുകയും വേണം. കോവിഡിനുശേഷം നമ്മുടെ വ്യവസായത്തിലും കാർഷിക മേഖലയിലും ടൂറിസത്തിലും ഒരു നയം രൂപീകരിക്കണം. ഇപ്പോൾ കുട്ടികൾ സ്കൂളിൽ പോകാതെ വീട്ടിൽതന്നെയിരുന്ന് ഡിജിറ്റലായി പഠിക്കുന്നതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ നിലവാരം താഴും. അതുതന്നെ എല്ലാപേർക്കും ഈ സൗകര്യം കിട്ടുന്നുമില്ല. യു.എൻ.ഡി.പി.-യുടെ ഒരു വിദഗ്ധപഠനത്തിൽ പറയുന്നുണ്ട്, ഞാൻ ആരുടേതാണെന്നൊന്നും ക്വാട്ട് ചെയ്യിട്ടില്ല. പക്ഷെ അതിൽ പറഞ്ഞിട്ടുണ്ട്, Large part of our entire generation loose its livelihood. When it loose its livelihood without social safety - ഒരു സാമൂഹ്യ സുരക്ഷയും ഇല്ലെങ്കിൽ അതിന്റെ ഇഫക്ട് വളരെ ഗൗരവമുള്ളതായിരിക്കും. Economic instability will follow.

മാത്രമല്ല, സോഷ്യൽ പ്രോബ്ലം ഉണ്ടാകും, കേരളം ദരിദ്രമാകും, നേരെ പട്ടിണിയിലേയ്ക്കേ കടക്കാനുള്ളൂ. ഒരു നേരത്തെ ഭക്ഷണത്തിന് പ്രയാസപ്പെടുന്നൊരു സ്റ്റേറ്റായി കേരളം മാറും, നമ്മുടെ വിദ്യാഭ്യാസ നിലവാരം താഴ്ന്നപോകും, വ്യവസായങ്ങൾ വീണ്ടും ശരിയാക്കിയെടുക്കാൻ കഴിയാത്തവിധമാകും.

മി. സ്പീക്കർ: കഴിഞ്ഞ രണ്ട് സെഷനുകളിലെ ഏറ്റവും ദീർഘമായ പ്രസംഗമാണിത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, സമയത്തിന്റെ വിഷയമൊന്നുമില്ലല്ലോ സർ, സഭ നിർത്തിവച്ച് ചർച്ച ചെയ്താൽ മതി. ഞങ്ങൾ ആരോടും ചോദിക്കുകയില്ല, ഞങ്ങൾ ആരോടും പറയുകയില്ല, ഞങ്ങൾ നോക്കിക്കോളാം, എല്ലാപേർക്കും കോവിഡ് വന്ന് മാറട്ടെ, അപ്പോൾ ഇതിനൊക്കെ ഒരു പരിഹാരമുണ്ടാകും. എല്ലാം ശരിയായിക്കോളും, എന്ന ഒരു നയം ശരിയല്ല. ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യണം. ഇതിനെ കാഷ്വലായി എടുക്കുന്നതിൽ പ്രതിഷേധിക്കുകയാണ്.

മി. സ്പീക്കർ: രണ്ട് സെഷനുകളിലെ ഏറ്റവും കൂടുതൽ സമയം അങ്ങേയ്ക്കാണ് അനുവദിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാനം മാത്രമല്ല, രാജ്യവും ലോകവുമൊക്കെ ഏറ്റവും ഗൗരവകരമായി ചർച്ച ചെയ്യേണ്ട വിഷയമാണിത്. എന്നുമാത്രമല്ല, ഭരണ-പ്രതിപക്ഷ വേർതിരിവില്ലാതെ മുഴുവൻ ജനങ്ങളും ഒരുമിച്ച് നേരിടേണ്ട കാര്യമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങനെ ചെയ്യുന്നതിന് സഹായകരമാണോ ഈ ചർച്ച എന്ന സംശയം എനിക്കുണ്ട്. അദ്ദേഹം പറഞ്ഞതുകേട്ടാൽ കോവിഡ് വന്നത് ഭരണപക്ഷം കാരണമാണെന്ന് പറഞ്ഞില്ലായെന്നത് ഒഴിച്ചാൽ, ബാക്കിയെല്ലാ കാര്യത്തിനും ഉത്തരവാദിയാണെന്ന പോലെയാണ്. ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചും കോവിഡിനെ നേരിടുന്നതിനെ സംബന്ധിച്ചും പ്രശസ്തനായ ഇക്കണോമിസ്റ്റ് കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. അത് മുൻപ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ആണ്. കോവിഡിന്റെ സാഹചര്യം വളരെ ഗുരുതരമാണെന്ന് പറഞ്ഞത് അദ്ദേഹം പ്രധാനമന്ത്രിയായിരുന്നതിന്റെ അനുഭവവും, ഇന്ത്യയിലെ സാമ്പത്തിക

സ്ഥിതിയും ലോകകാര്യങ്ങളും നോക്കിയിട്ടാണ്. ഈ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറഞ്ഞ കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. കഴിഞ്ഞ ദിവസം ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ വന്ന ഒരു വാർത്തയാണ്. The Centre on Friday told the Supreme Court five States, including Delhi, Maharashtra, Punjab, Thripura and Karnataka, have not complied with the Court's order to pay salaries to Doctors and healthcare workers. ഇത് സംസ്ഥാനങ്ങളുടെ അവസ്ഥയാണ്, ആന്ധ്രയിൽ ഈ മാസം ശമ്പളം കൊടുക്കാൻ ആദ്യ ദിവസങ്ങളിൽ കഴിഞ്ഞിട്ടില്ല, പഞ്ചാബിൽ രണ്ടുംമൂന്നും മാസം താമസിച്ചാണ് ശമ്പളം കൊടുക്കുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലേയും സ്ഥിതി അതാണ്. ലോകത്ത് ഏറ്റവും മോശമാണ് നമ്മുടെ സംസ്ഥാനം എന്നുസ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ, കേരളത്തിൽ എന്തെങ്കിലും നല്ല കാര്യങ്ങളുണ്ടെങ്കിൽ അതുകൂടി പറയേണ്ടതല്ലേ. ലേറ്റസ്റ്റ് വേൾഡ് ഇക്കണോമിക്ക് ഔട്ട് ലുക്കിനെ സംബന്ധിച്ച് ഐ.എം.എഫ്.-ന്റെ സ്റ്റഡിയിൽ പറയുന്നത് ലോകത്തെ സാമ്പത്തികസ്ഥിതിയെ കുറിച്ചാണ്. ലോകത്തെ സാമ്പത്തികരംഗത്തെക്കുറിച്ച് പറയുന്നത് യുണൈറ്റഡ് സ്റ്റേറ്റ്സിൽ 3.5%

കുറവുണ്ടാകും, യൂറോപ്യൻ ഏരിയയിൽ മൊത്തത്തിൽ 6.6% കുറവുണ്ടാകും, ജർമ്മനിയിൽ -4.9%, ഫ്രാൻസിൽ-8.2%, സ്പെയിനിൽ-11%, ഇന്ത്യയിൽ- 8% കുറവുണ്ടാകും എന്നാണ്. എന്നുമാത്രമല്ല അടുത്ത വർഷവും അതിനടുത്ത വർഷവും സാമ്പത്തികരംഗത്ത് പുനരുജ്ജീവനം ഉണ്ടാകുമെന്ന് ഈ റിപ്പോർട്ടിൽ പറയുമ്പോൾ അതിന് ഉറപ്പില്ലെന്ന തരത്തിലാണ് സ്റ്റഡി റിപ്പോർട്ടിൽ പറയുന്നത്. ലോകത്ത് ആകെയുള്ള ഇക്കണോമികളെ സംബന്ധിച്ച്, ഇന്ത്യയിൽ ആകെ 8% കുറവുണ്ടാകുമ്പോൾ 3.8%-ത്തിനടുത്താണ് കേരളത്തിൽ കുറവുണ്ടാകുന്നത്. ഈ ഒരു സാമ്പത്തികസ്ഥിതി നിലനിൽക്കുമ്പോൾ കേരളത്തിലെ സാമ്പത്തിക സ്ഥിതിയും മോശമാണെന്ന കാര്യം പറയാതെ പോയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബഡ്ജറ്റ് ഡിസ്കഷന്റെ അന്നുതന്നെ ചൂണ്ടിക്കാണിച്ചതാണ് ചോദ്യങ്ങൾക്ക് അനുസരിച്ചല്ല ഉത്തരങ്ങൾ നൽകുന്നത് എന്ന്. യഥാർത്ഥത്തിൽ കഴിഞ്ഞ 5 വർഷക്കാലമായി നമ്മുടെ സാമ്പത്തിക രംഗത്ത് സ്റ്റാഗ്നേഷനാണ്. ആക്ച്വൽ വരുമാനം 2016-17-ൽ 51876 കോടി രൂപയായിരുന്നു. ഇത് സ്റ്റേറ്റ് ഗവൺമെന്റ് ഗ്രാന്റുകളും സെൻട്രൽ ഗവൺമെന്റിൽനിന്നും ലഭിക്കുന്ന വിഹിതവും

ഒഴികെയാണ്. 2017-18-ൽ അത് 57659 കോടി രൂപയായി, 2018-19-ൽ 64427 കോടി രൂപയായി, എന്നാൽ 2019-20-ൽ 62588 കോടി രൂപയായി. തൊട്ടുമുൻവർഷം 54000 കോടി രൂപയായി എന്നുപറഞ്ഞാൽ അഞ്ച് വർഷം കൊണ്ട് സാധാരണഗതിയിൽ 50% വർദ്ധിക്കേണ്ടതാണ്. സ്റ്റാഗ്നേഷൻ അല്പം കുറവുമാണ്. 2019-2020-ൽ നോൺടാക്സ് റവന്യൂ 12265 കോടി രൂപയാണെങ്കിൽ ഇപ്പോൾ 6420 കോടി രൂപയാണ്. ഇതാണ് ഏറ്റവും ലേറ്റസ്റ്റ് പൊസിഷൻ. ഇത് വസ്തുതയാണ്. അടുത്ത വർഷം മുതൽ കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പ്രൊട്ടക്ടഡ് റവന്യൂ കോമ്പൻസേഷൻ ഇല്ല എന്നുള്ളതാണ് ഇപ്പോഴത്തെ നിയമം. ഈ വർഷം കിട്ടിയ സ്പെഷ്യൽ ഗ്രാന്റ് 19000 കോടി രൂപയാണ്, അടുത്ത വർഷം അത് 13000 കോടി രൂപയാകും. പിന്നീട് അത് 4,500 ആയി കുറഞ്ഞുവരികയാണ്. ചെലവ് വൻതോതിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയുമാണ്. ഇക്കാര്യം സഭയെ അറിയിക്കാതെ പോയിട്ട് കാര്യമില്ല എന്ന് എല്ലാവർക്കും അറിയുന്നതുമാണ്. യഥാർത്ഥത്തിൽ 1,30,000 കോടി രൂപ വരുമാനമുള്ള സ്ഥലത്ത് 95,000 കോടി രൂപയാണ് ഇപ്പോഴത്തെ വരുമാനം. ഇത് രഹസ്യമായൊരു രേഖയല്ല, ഇതാണ് നമ്മുടെ

സ്ഥിതി. 5 വർഷമായി സ്റ്റാഗ്നേഷനാണ്. ഈ സ്ഥിതിയുള്ളപ്പോഴും സാമ്പത്തിക രംഗത്ത് പൊതുവിൽ തളർച്ചയുണ്ടാകാൻ ഈ ഗവൺമെന്റ് സമ്മതിച്ചിട്ടില്ല. അവിടെയാണ് ഏറെ വിവാദങ്ങൾക്ക് വഴിവച്ച കിഫ്ബി പോലുള്ള പദ്ധതികൾക്ക് രൂപംനൽകിയത്. എത്രയോ ഇൻവെസ്റ്റ്മെന്റുകളാണ് നടക്കുന്നത്. ഈ വർഷം അരശതമാനം ടാക്സ് വർദ്ധിപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. 12,000-ത്തിലധികം കോടി രൂപ ബഡ്ജറ്റ് വഴിയല്ലാതെ ചെലവഴിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞത് നിക്ഷേപപദ്ധതികൾ പലതും നടക്കുന്നുണ്ടെന്നാണ്. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഒരാളെപ്പോലും വിശന്നുവലയാൻ അനുവദിക്കുന്നില്ല. മറ്റു പല സംസ്ഥാനങ്ങളിലുമുള്ളതുപോലെയല്ല ഇവിടത്തെ സ്ഥിതി. ഞാൻ ഒരു സംസ്ഥാനത്തിന്റെയും പേരും എടുത്ത് പറയുന്നില്ല, ഒരാൾക്കെങ്കിലും അപകടം പറ്റിയിട്ടുണ്ടോ? ഇല്ല. മരുന്നോ ചികിത്സയോ ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടില്ല. ഡൽഹിയിലെ ഒരു ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത ഒരു രോഗിയെ അവിടത്തെ നാട്ടുകാർ സഹായിച്ച്, എയർ ആംബുലൻസിൽ നാട്ടിൽ കൊണ്ടുവന്നു. അവിടെ ചികിത്സ ചെയ്തുകഴിഞ്ഞാൽ, ഒരു സ്റ്റേറ്റിനെകുറിച്ച് പറയുന്നതല്ല. ഒരു ഹോസ്പിറ്റലിലെ അനുഭവം അദ്ദേഹം

പരസ്യമായി എഴുതിയിരുന്നതുകൊണ്ട് പറഞ്ഞതാണ്. കേരളത്തിൽ അങ്ങനെയൊരു സ്ഥിതിയില്ല. എന്നാൽ നമ്മൾ ആഗ്രഹിക്കുന്നതുപോലെ എല്ലാമേഖലയിലും നടക്കുന്നുണ്ടോ, കച്ചവടക്കാർക്ക് പ്രശ്നമുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കഴിഞ്ഞ ദിവസങ്ങളിൽ ഈ കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. ടൂറിസം, വ്യവസായം, കൃഷി എന്നീ മേഖലകളിൽ പ്രതിസന്ധിയുണ്ട്. എല്ലാ മേഖലകളിലും ബുദ്ധിമുട്ടുണ്ട്, കാരണം അത് പൊതുവായൊരു സാമ്പത്തിക സ്ഥിതിയാണ്. 1930-നേക്കാളും സീരിയസ്സായ സാമ്പത്തിക തകർച്ചയായിരിക്കും വരാൻ പോകുന്നതെന്നാണ് ലോക സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതുതന്നെയാണ് ഡോ.മൻമോഹൻ സിംഗും കഴിഞ്ഞദിവസം പറഞ്ഞത്. സാമ്പത്തിക രംഗത്ത് വലിയ തകർച്ച വരുന്നു, അതിനെ നേരിടാൻ വേണ്ടി ഒരു യുണൈറ്റഡായിട്ടുള്ള ആക്ഷൻ വേണം. ആ യുണൈറ്റഡായിട്ടുള്ള ആക്ഷൻ കേരളത്തിൽ വേണ്ട എന്നാണോ പ്രതിപക്ഷം ആലോചിക്കുന്നത്. ഈ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച്, നമ്മൾ ആദ്യഘട്ടം വന്നപ്പോൾ എല്ലാ ഇനത്തിലും എന്തുകൊണ്ടാണ് നോൺ ടാക്സ് റവന്യൂ കുറഞ്ഞത്, ടാക്സുകൾ എല്ലാം കട്ട് ചെയ്തു. മോട്ടോർ വെഹിക്കിൾ രജിസ്ട്രേഷൻ നടക്കുന്നില്ല,

കച്ചവടം നടക്കുന്നില്ല. കോവിഡ് സംബന്ധിച്ച് ഇവിടെ അവാസ്തവമായ കാര്യങ്ങൾ സൂചിപ്പിച്ചു. ഓരോ എം.എൽ.എ.-മാരും 4 കോടിരൂപ ചികിത്സാ പദ്ധതികൾക്കായി മാറ്റിവച്ചു. 2800 കോടി രൂപയാണ് പുതിയതായി ആരോഗ്യരംഗത്തെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി മാറ്റിവച്ചത്. ആകെ 2800 കോടിരൂപയിൽ 500 കോടി രൂപയോളം എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നും വരും. ഓക്സിജൻ പ്രൊഡക്ഷൻ വളരെ ഗുരുതരമായ സ്ഥിതിയായിരുന്നു. 129.08 മെട്രിക് ടൺ ആയിരുന്ന ഉല്പാദനം 249.24 മെട്രിക് ടണ്ണായി ഈ സമയം കൊണ്ട് ഉയർത്താൻ കഴിഞ്ഞു. ഇപ്പോൾ 881.37 മെട്രിക് ടൺ ഓക്സിജൻ സ്റ്റോക്ക് ഉണ്ട്. ഒരു ഘട്ടത്തിൽ ഓക്സിജൻ ലഭിക്കാതെ ആളുകൾ നെട്ടോട്ടമോടുന്നൊരു അവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ എത്രയോ സ്ഥലത്ത് ഓക്സിജൻ പ്ലാന്റുകൾ പ്രവർത്തിപ്പിച്ചു. ആയിരവും ആയിരത്തി അഞ്ഞൂറും ബെഡ്ഡുകൾ ഉള്ള, ഓക്സിജൻ ബെഡ്ഡുകൾ ഉള്ള ആശുപത്രികൾ ടെമ്പററിയായി ഈ സർക്കാരിന്റെ കാലത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പണിതീർത്തു. ഒന്ന് എറണാകുളത്ത് അമ്പലമുകളിലും, മറ്റൊന്ന് ചവറ കെ.എം.എം.എൽ.-മാണ് നിർമ്മിച്ചത്. ഇത്തരം കാര്യങ്ങൾ നടന്നുവെന്നുള്ളത് നമ്മൾ കാണേണ്ടതല്ലേ.

2274 സി.എഫ്.എൽ.ടി.സി.-കളിൽ (Covid First-Line treatment centre) ഉൾപ്പെടെ 198748 കിടക്കകൾ കോവിഡ് ചികിത്സയുടെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ ഇപ്പോഴുള്ള occupancy rate 27.78 ശതമാനം മാത്രമാണ്. അതുപോലെ കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ Entrepreneurship Development Programme മുഖേന 50 ലക്ഷം രൂപ നൽകുന്നുണ്ട്. സ്വകാര്യ ആർ.ടി.പി.സി.ആർ. ടെസ്റ്റ് ഫീസ് ക്രമീകരിച്ചു. കോവിഡുമായി ബന്ധപ്പെട്ട് അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനായി Essential Commodities Act ഏർപ്പെടുത്തിയിട്ടുണ്ട്. സൗജന്യ കോവിഡ് പരിശോധനയും ചികിത്സയും തുടരുന്നുണ്ട്. 'സാർവ്വത്രിക സൗജന്യ കിറ്റ് ' വിതരണവും തുടരുന്നുണ്ട്. കിറ്റ് വിതരണം ചെയ്യുന്ന നടപടിയെപ്പറ്റി ഞങ്ങൾ എന്തോ പാതകം ചെയ്യുന്നതാണെന്ന രീതിയിൽ പ്രമേയാവതാരകൻ സംസാരിച്ചു. സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി അയ്യായിരത്തോളം കോടി രൂപ ചെലവഴിച്ച സർക്കാർ, അങ്ങനെ ചെയ്തത് ആളുകളെ പറ്റിക്കാനല്ല, ആളുകളുടെ ജീവൻ നിലനിർത്താനാണ്. ഓണത്തിനും ഞങ്ങൾ ഒന്നാന്തരം ഭക്ഷ്യകിറ്റ് കൊടുക്കുന്നുണ്ട്, അത് ഈ സർക്കാരിന്റെ നയമാണ്. സാമ്പത്തിക

ബുദ്ധിമുട്ടുണ്ടെന്നത് ശരിയാണ്, അങ്ങനെ പറഞ്ഞുകൊണ്ടുതന്നെയാണ് കാര്യങ്ങൾ ചെയ്യുന്നത്. ഭക്ഷ്യക്കിറ്റെന്നത് കണ്ണിൽപ്പൊടിയിടാനുള്ള എന്തോ മാർഗ്ഗമാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ക്രോസ് ടോക്ക് ചെയ്യാതെ ചെയറിനോട് സംസാരിക്കൂ...

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രാഷ്ട്രീയ ഗുണം കിട്ടട്ടെ എന്ന ലക്ഷ്യത്തോടെ ബോധപൂർവ്വം ഇത്തരം പ്രസ്താവനകൾ നടത്തുന്നതാണെന്നാണ് എനിക്ക് തോന്നിയത്. കിറ്റിനെ സംബന്ധിച്ച് ഞാൻ പറഞ്ഞത്, ആളുകളുടെ കൈയിൽ പണമില്ലാത്തതുകൊണ്ട് ഭക്ഷ്യകിറ്റ് മാത്രം കൊടുത്താൽപ്പോരാ പണംകൂടി നൽകണമെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടത് ആ കാര്യത്തിനാണ്, ഭക്ഷ്യക്കിറ്റ് നൽകുന്നത് വലിയ കാര്യമാണെന്ന രീതിയിലല്ല മറുപടി നൽകേണ്ടത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം ഉദ്ദേശിച്ചകാര്യം ഇപ്പോൾ മനസ്സിലായി, എന്നാൽ അദ്ദേഹം ഇവിടെ പറഞ്ഞത്, 'ഇപ്പോൾ അതുകൊണ്ട് ഗുണമില്ല,' എന്നാണ്. അദ്ദേഹത്തിന്റെ ഉദ്ദേശ്യം വ്യക്തമായതിനാൽ ഞാനത് അംഗീകരിക്കുന്നു. ഇക്കോണമി

സജീവമാകണമെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം. അതിനായി 2800 കോടി രൂപ ആരോഗ്യരംഗത്ത് പ്രത്യേകമായി ചെലവഴിക്കാൻ വകയിരുത്തിയെന്നുമാത്രമല്ല, ഏകദേശം 8900 കോടി രൂപ പലതരത്തിൽ ആളുകളിലേയ്ക്കെത്തിക്കാൻ ശ്രമിച്ചു. കഴിഞ്ഞമാസം ശമ്പളമുൾപ്പെടെയുള്ള ചെലവുകൾക്കായി ഏകദേശം 15000 കോടി രൂപയാണ് നമ്മുടെ സമ്പദ് വ്യവസ്ഥയിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് പമ്പ് ചെയ്തത്. അതൊരു ചെറിയ ചെലവല്ല. ഇതിനായി പണം കടമെടുക്കേണ്ടി വന്നിട്ടുണ്ട്. ആഗസ്റ്റ് മാസം ആദ്യം മുതൽ രണ്ടുമാസത്തെ പെൻഷൻ ഒരുമിച്ച് നൽകും. ഇത്തരത്തിൽ 1600 കോടി രൂപ പാവപ്പെട്ട ജനങ്ങളിലേയ്ക്കെത്തിയാൽ, അത് കമ്പോളത്തിലേയ്ക്കെത്തും. അങ്ങനെവന്നാൽ നെയ്ത്തുകാർ, നിർമ്മാണപ്രവർത്തനം നടത്തുന്നവർ, കച്ചവടക്കാർ തുടങ്ങിയവരിലേയ്ക്കെല്ലാം ആ പണമെത്തും. ഇതുമാത്രമല്ല, കൂടുതൽ പണം കമ്പോളത്തിലേയ്ക്കെത്തിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുമുണ്ട്. അതോടൊപ്പംതന്നെ പല പദ്ധതികൾക്കായി കടമെടുത്തവർക്ക് പലിശയിൽ ഇളവ് നൽകുന്നുണ്ട്. കൂടാതെ വ്യവസായ പുനരുദ്ധാരണ പാക്കേജും നടപ്പിലാക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പെൻഷൻ കൊടുക്കുന്നതടക്കം സാധാരണഗതിയിൽ ചെയ്യേണ്ടുന്ന നടപടികളൊക്കെ ഇവിടെ സ്വീകരിക്കുന്നുണ്ട്. പക്ഷേ പ്രതിപക്ഷ ഉപനേതാവ് ചോദിച്ച ഒരു പ്രധാനപ്പെട്ട കാര്യം അതല്ല. കേരളമൊഴിച്ച് മറ്റ് സംസ്ഥാനങ്ങൾ കാർഡുടമകൾക്ക് നേരിട്ട് പണം നൽകുന്നുണ്ട്. ഉദാഹരണത്തിന് തമിഴ്നാട് 4000 രൂപ നേരിട്ട് കാർഡുടമകൾക്ക് നൽകുന്നുണ്ട്. അതുപോലെ കേരളത്തിലെ റേഷൻകാർഡുടമകൾക്ക് 5000 രൂപ നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നാണ് ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുപോലുള്ള കാര്യങ്ങൾക്ക് ഒന്നിച്ച് നിൽക്കണമെന്നതുകൊണ്ടാണ് ഞാൻ അതുസംബന്ധിച്ച് വിവാദമുണ്ടാകുന്ന തരത്തിൽ പരാമർശം നടത്താത്തത്. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ് ഉൾപ്പെടെ ശമ്പളം കൊടുക്കാത്ത സംസ്ഥാനങ്ങളുടെ കാര്യമല്ല ഞാൻ പറയുന്നത്. അവർക്കും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നത് ഞങ്ങൾ അംഗീകരിക്കുന്നു. താഴെത്തട്ടിൽ കൊടുക്കുന്ന കാര്യമല്ല, ഞാൻ സൂചിപ്പിച്ചത്, ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല എന്ന കാര്യമാണ്. ആന്ധ്രയിലും അങ്ങനെ തന്നെയാണ്.

എന്നാൽ കേരളം ഈ ബുദ്ധിമുട്ടുകൾക്കിടയിലും ശമ്പളം കൊടുക്കുന്നുണ്ട്, മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാൻ ശ്രമിക്കുന്നുമുണ്ട്. ഹൈക്കോടതിയിലെ കാര്യമാണ് നേരത്തെ പറഞ്ഞത്....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, കേൾക്കുന്ന എല്ലാ കമന്റുകളോടും അങ്ങ് പ്രതികരിക്കേണ്ടതില്ല.. സംസാരിക്കൂ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് ചോദിച്ച കാര്യത്തിന് ഞാൻ മറുപടി പറഞ്ഞുവെന്നേയുള്ളൂ. ജനങ്ങളിൽ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന അവസ്ഥയുണ്ടാകരുത്. അതിൽ വ്യക്തത വരുത്തേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. എൺപത്തിയഞ്ച് ലക്ഷത്തോളം വരുന്നയാളുകൾക്ക് സാർവ്വത്രികമായി ഭക്ഷ്യകിറ്റ് നൽകുന്ന സമ്പ്രദായം കേരളത്തിലല്ലാതെ ഇന്ത്യയുൾപ്പെടെ ലോകത്തെവിടെയെങ്കിലുമുണ്ടോ? നമ്മൾ എല്ലാവർക്കും ഭക്ഷ്യക്കിറ്റ് നൽകുകയാണ്. അങ്ങനെ ചെയ്തത് കോവിഡ് പ്രതിസന്ധിഘട്ടത്തിലാണ്, ഭക്ഷ്യക്കിറ്റ് സ്ഥിരം നൽകുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് നമുക്കറിയാം. 1600 രൂപവച്ച് 55 ലക്ഷത്തിലധികം ആളുകൾക്ക് പെൻഷൻ നൽകുന്നു. ചിലയാളുകൾക്ക് അതിൽക്കൂടുതലും

ലഭ്യമാകുന്നുണ്ട്. അതുമാത്രമല്ല, ഇത്തരം സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയൊന്നും പരിധിയിൽ വരാത്തതും പെൻഷൻ മാനദണ്ഡങ്ങൾക്കുള്ളിൽപ്പെടാത്തതുമായ ആളുകൾക്ക്, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പ്രത്യേകമായി 1000 രൂപ നൽകി. ക്ഷേമനിധിയിൽ അംഗത്വമുണ്ടെങ്കിലും 60 വയസ്സ് തികയാത്തവർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാകില്ല, ഇവർക്കെല്ലാം ആനുകൂല്യം നൽകുന്നതിനായി 1100 കോടിരൂപ കഴിഞ്ഞ ബഡ്ജറ്റിൽ മാറ്റിവച്ചു. ഇവയോരോന്നും മാറ്റിവച്ചത് രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനങ്ങളെ സഹായിക്കാനാണ്.

അടുത്തത് വ്യവസായത്തിന്റെ കാര്യമാണ്. അൽപ്പം മുൻപ് പൈനാപ്പിൾ കൃഷിയെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുന്നത് കേട്ടു. ആ മേഖലയിൽ നിന്നുള്ള എം.എൽ.എ.-മാരും ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. 2000 കോടി രൂപയാണ് PACS (പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ) വഴി ഉത്പാദനമേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിനുവേണ്ടി മാറ്റിവച്ചത്. എല്ലാവരും ചേർന്ന് നല്ലതുപോലെ അക്കാര്യം ചെയ്യണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അദ്ദേഹം പറഞ്ഞത് ശരിയാണ്, പതിനാല് ലക്ഷം

പ്രവാസികൾ ഇവിടെയുള്ളതിൽ 4 ലക്ഷം അവരുടെ കുടുംബാംഗങ്ങളായിരിക്കും. ബാക്കിവരുന്ന പത്ത് ലക്ഷം പ്രവാസികൾ നാട്ടിൽ തിരിച്ചെത്തിയിരിക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതി മെച്ചപ്പെട്ടാൽ മാത്രമേ തിരിച്ചുപോകാൻ പറ്റുകയുള്ളൂ. അവരുടെയെല്ലാം ക്ഷേമത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം കാര്യങ്ങൾ ഭംഗിയായി നടക്കുന്നുണ്ട്. ചെയ്യാവുന്ന പരിധിക്കകത്തുനിന്നുകൊണ്ട് ഇനിയും കുറച്ച് കാര്യങ്ങൾകൂടി ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം, അത് നടപ്പിലാക്കുകയും ചെയ്യും. മോട്ടോർ വെഹിക്കിൾ മേഖലയിലുൾപ്പെടെ ധാരാളം പ്രശ്നങ്ങൾ നിലവിലുണ്ട്. ടൂറിസം മേഖലയെ സംബന്ധിച്ച് വളരെ ഗൗരവമായ ചർച്ചകൾ ടൂറിസം വകുപ്പുമന്ത്രിയുമായി നടത്തികൊണ്ടിരിക്കുകയാണ്. വ്യാപാരികളുടെ പ്രശ്നം ചർച്ചചെയ്യാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്കേഴ്സിനെ വിളിച്ചിട്ടുണ്ട്. മൈക്രോ ഫൈനാൻസിംഗ് എന്നുപറഞ്ഞ് നടക്കുന്നതെന്താണ്? ചില പ്രൈവറ്റ് ബാങ്കുകളുടെ ആളുകൾ വീടുകളിൽച്ചെന്ന് പാവപ്പെട്ട സ്ത്രീകളെ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങളുണ്ടാകുന്നുണ്ട്, പ്രതിപക്ഷം അത് സൂചിപ്പിച്ചിട്ടുണ്ട്. വീണ്ടും ഞാനത് പറയുകയാണ്, അത്തരം സംഭവങ്ങൾ

ഒരു കാരണവശാലും അനുവദിക്കില്ല, ഗവൺമെന്റ് ശക്തമായ നിലപാടെടുക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. മേൽസൂചിപ്പിച്ചതു പോലുള്ള വിഷയങ്ങൾ അംഗീകരിക്കുന്ന പ്രശ്നമില്ല. ദൗർഭാഗ്യകരമെന്ന് പറയട്ടെ, പ്രതിപക്ഷം കേന്ദ്രഗവൺമെന്റിന്റെ നിലപാടുകളെക്കുറിച്ച് ഒന്നും പറയുന്നില്ല. ഏതെങ്കിലും കാര്യത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞോ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസി ഫണ്ട് വരുന്ന സംസ്ഥാനമാണ് കേരളം. പ്രവാസികൾക്ക് പ്രത്യേകമായി ഒരു പാക്കേജ് വേണമെന്ന് ഞങ്ങൾ ഡൽഹിയിൽച്ചെന്ന് ആവശ്യപ്പെട്ടു. രാജ്യത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന മേഖലയാണ് പ്രവാസി മേഖലയെന്നതിനാൽ പ്രവാസികൾക്ക് പ്രത്യേക പദ്ധതി ആവശ്യമുണ്ട്. കാർഷിക മേഖലയിലെയും ബാങ്കിംഗ് മേഖലയിലെയും കാര്യങ്ങൾ ഞാൻ പ്രത്യേകം എടുത്തുപറഞ്ഞു. വായ്പകളുടെ മൊറട്ടോറിയത്തെക്കുറിച്ചുപോലും കേന്ദ്രം പറഞ്ഞിട്ടില്ല, അത് റിസർവ് ബാങ്ക് ചെയ്യേണ്ടതാണെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. കേന്ദ്രഗവൺമെന്റ് നൽകേണ്ടുന്ന പണം നൽകുന്നില്ല. വാക്സിന്റെ കാര്യത്തിലായാലും മറ്റ് സൗകര്യങ്ങളുടെ കാര്യത്തിലായാലും കേന്ദ്രം തരാത്ത കാര്യങ്ങളെപ്പറ്റി ഞങ്ങൾ കൃത്യമായി ഉന്നയിക്കുന്നുണ്ട്. ഏതായാലും

അത്തരം കാര്യങ്ങൾ നമുക്കൊരുമിച്ച് ആവശ്യപ്പെടണം. ഞാൻ ഇവിടെ സൂചിപ്പിച്ച സാമ്പത്തിക സ്ഥിതിയനുസരിച്ചുമാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. നമ്മൾ ചിലപ്പോൾ ഇനിയും നിയന്ത്രിക്കേണ്ടിവരും. കോവിഡ് വ്യാപനം വീണ്ടുമൊരിക്കൽക്കൂടി വന്നാൽ സ്ഥിതി ഇതിനേക്കാൾ അപകടകരമായിരിക്കുമെന്ന് ഞാൻ ഇവിടെ സൂചിപ്പിച്ച സാമ്പത്തിക സ്ഥിതിയുടെ ചെറിയതോതിലുള്ള കണക്കിൽനിന്നും മനസിലായിട്ടുണ്ടാകുമല്ലോ. പഴയസ്ഥിതി വീണ്ടെടുക്കാൻ കഴിയുമെന്നാണ് ശുഭപ്രതീക്ഷ. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ജി.എസ്.ടി. കളക്ഷൻ 70-80 ശതമാനം വർദ്ധിച്ചുവെന്നൊരു പുതിയ കണക്ക് ഇന്നലെ വന്നിട്ടുണ്ട്. കോവിഡ് മൂന്നാംതരംഗം വന്നില്ലെങ്കിൽ ഒന്നുരണ്ട് വർഷംകൊണ്ട് സമ്പദ്ഘടന വീണ്ടെടുക്കപ്പെടുമെന്നതാണ് നമ്മുടെ പ്രതീക്ഷ. അതിനായാണ് ഓരോ മേഖലയിലും പലിശകുറഞ്ഞ വായ്പാ പദ്ധതികളും മറ്റും ചെയ്യുന്നത്, അതെല്ലാം മുന്നോട്ടുകൊണ്ടുപോകും. ഈ കോവിഡിന്റെ കാലം കടന്നുകിട്ടാൻ ഒരുമിച്ചുചേർന്ന് ഇക്കാര്യങ്ങളെല്ലാം ഏറ്റെടുക്കുകയാണ് ചെയ്യേണ്ടത്. പരസ്പരം കുറ്റപ്പെടുത്തി നിലവിലുള്ള കാര്യങ്ങളുടെകൂടി ആവേശം കുറയുന്ന സമീപനമല്ല നമുക്കാവശ്യം. നമുക്കൊരുമിച്ചുനിന്ന് കേന്ദ്ര

സർക്കാരിൽനിന്നും ലഭ്യമാകേണ്ടവ നേടിയെടുക്കണം. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പറഞ്ഞ കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. "Government has no plan to print currency notes to overcome the economic crisis faced by country due to the outbreak of the coronavirus disease (Covid-19)." കൂടുതൽ പണമൊന്നും അച്ചടിച്ച് സമ്പദ്ഘടനയെ സജീവമാക്കാനൊന്നും ഉദ്ദേശിക്കുന്നില്ലെന്നാണ് പറഞ്ഞത്. ബി.ജെ.പി. ഇതര സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ഒരുമിച്ചുചേർന്ന് ജി.എസ്.ടി. കൗൺസിലിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേക പാക്കേജും സഹായവും വേണമെന്ന് നമ്മൾ ഒരുമിച്ച് ആവശ്യപ്പെടണം. അതല്ലാതെ ചെയ്യുന്ന നല്ല കാര്യങ്ങൾ നല്ലതല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയല്ല ചെയ്യേണ്ടത്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഇതുസംബന്ധിച്ച ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അത്യന്തം നിർഭാഗ്യകരമായ ഒരു സമീപനമാണ് പ്രതിപക്ഷ ഉപനേതാവിന്റെ ഭാഗത്തുനിന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോഴുണ്ടായത്. അദ്ദേഹം

പിന്നീടത് നിഷേധിക്കുന്നതുകണ്ടു. കിറ്റിനോട് വല്ലാത്തൊരു അസഹിഷ്ണുത പ്രകടിപ്പിക്കുകയുണ്ടായി. കോവിഡിനെ പ്രതിരോധിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ നിയന്ത്രണങ്ങളെയും എതിർക്കുന്ന സമീപനമാണ് അദ്ദേഹം ഇവിടെ സ്വീകരിക്കുന്നതായി കണ്ടത്. അതോടൊപ്പംതന്നെ കോവിഡിന്റെ പ്രതിരോധത്തിനുവേണ്ടി സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന നടപടികളിലും ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങളിലുമടക്കം അദ്ദേഹം കേരളത്തിൽ ജീവിക്കുന്ന രീതിയിലല്ല അഭിപ്രായം പറഞ്ഞത്. ഇതുവരെയുള്ള കോവിഡ് പരിശോധനാ സംവിധാനത്തെക്കുറിച്ച് അദ്ദേഹത്തിന് അറിയില്ലെന്ന രീതിയിലാണ് അദ്ദേഹം പരാമർശിച്ചത്. ഇവിടെ രോഗികളെ കണ്ടെത്താൻവേണ്ടി ശ്രമം നടത്തിയത് കേവലം സർക്കാർ മാത്രമല്ല, ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും വാർഡ് അടിസ്ഥാനത്തിലുള്ള വാർഡ് സമിതികളാണ്. ആ പ്രവർത്തനത്തെക്കുറിച്ചൊന്നും അദ്ദേഹം കേട്ടുപോലും അറിവില്ല എന്ന രീതിയിലാണ് ഇവിടെ പരാമർശം നടത്തിയത്. എന്താണ് ഇതിൽനിന്ന് അനുമാനിക്കേണ്ടത്? നമ്മുടെ നാട് എന്തോ ആയിക്കോട്ടെ എന്നൊരു ചിന്തയിലാണെന്ന് തോന്നുന്നു. ഇവിടെ ഒരാളെയും പുറത്തിറങ്ങാൻ

അനുവദിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. അതാണോ കേരളത്തിലെ ഇന്നത്തെ സ്ഥിതി; പ്രതിരോധ നടപടികളുടെ ഭാഗമായി നേരത്തെമുതൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേയ്ക്ക് ഞാനിപ്പോൾ വിശദമായി പോകുന്നില്ല. കോവിഡിന്റെ രണ്ടാം തരംഗത്തിൽ ഇന്ത്യയൊട്ടാകെ കേസ്സുകൾ വർദ്ധിക്കുന്ന നിലയുണ്ടായി. ഏപ്രിൽ ആദ്യവാരം മുതൽ കേരളത്തിലും കേസ്സുകൾ വർദ്ധിക്കുന്ന സ്ഥിതിവന്നു. കേരളത്തിൽ നാളിതുവരെ 24,70,872 പേർക്കാണ് കോവിഡ് ബാധ സ്ഥിരീകരിച്ചത്. അതിൽ 8257 പേരാണ് കോവിഡുമൂലം മരണപ്പെട്ടത്. 2021 ഏപ്രിൽ-മെയ് മാസങ്ങളിൽ മാത്രം 1346288 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. നമ്മുടെ നാടിന്റെ ചില പ്രത്യേകതകൾ നമ്മളിവിടെ കാണണം. പകർച്ചവ്യാധി പ്രതിരോധത്തിനുമുന്നിൽ പ്രധാനപ്പെട്ട മൂന്ന് വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനമാണ് കേരളം. വളരെ ഉയർന്ന ജനസാന്ദ്രതയാണ് കേരളത്തിലുള്ളതെന്ന് എല്ലാപേർക്കുമറിയാവുന്ന കാര്യമാണ്. കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 860 ആണ്. അതേസമയം ദേശീയ ശരാശരി 430 ആണെന്ന വ്യത്യാസം ഇവിടെ നിലനിൽക്കുകയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ ഒരേ പട്ടണമായോ ഗ്രാമമായോ

ആണ് നമ്മുടെ നാട് കിടക്കുന്നത്. ഇതാണോ രാജ്യത്തിന്റെ അവസ്ഥ; രാജ്യത്തിന്റെ മറ്റൊരു സ്ഥലത്ത് ചെന്നാൽ ഒരു ഗ്രാമം, അത് പ്രത്യേകമായി കിടക്കുന്നു. അടുത്ത ഗ്രാമം, അതും പ്രത്യേകമായി കിടക്കുന്നു. മഹാനഗരമുണ്ടാകും, അത് വലിയ തോതിൽ കിടക്കുന്നു. ഇതല്ലല്ലോ നമ്മുടെ കേരളം. കേരളമാകെ ഒരു നഗരമായി കിടക്കുന്ന അവസ്ഥയല്ലേ. ജനസാന്ദ്രത വലിയ തോതിലുണ്ടാകുന്നു. അതുപോലെതന്നെ പ്രായം കൂടിയവരുടെ ജനസംഖ്യ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ആകെ ജനസംഖ്യയുടെ 14 ശതമാനം സീനിയർ സിറ്റിസൺസ് ആണ്. അവർക്ക് രോഗവ്യാപനത്തിന്റെ സാധ്യത വളരെ കൂടുതലാണ്. നിർഭാഗ്യവശാൽ ജീവിതശൈലീ രോഗവ്യാപനവും കേരളത്തിൽ കൂടുതലാണ്. ഇന്ത്യയുടെ പ്രമേഹ തലസ്ഥാനം എന്ന രീതിയിലാണ് കേരളത്തെ ആരോഗ്യവിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. നമ്മുടെ പല മാനവിക സൂചികകളിലും നാം ഒന്നാമതെത്തിയെങ്കിലും ആരോഗ്യ ശീലങ്ങൾ, ജീവിതശൈലിയിലുണ്ടായ അശാസ്ത്രീയമായ പ്രവണതകൾ തുടങ്ങിയവ ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. ഇതൊക്കെ രോഗവ്യാപനത്തിന് വലിയ തോതിൽ ഇടയാക്കി എന്നത് വസ്തുതയാണ്. ഇത് അറിയാത്ത ആളല്ല

അദ്ദേഹം. പക്ഷെ ഇത്തരം കാര്യങ്ങൾ മറച്ചുവയ്ക്കാനാണ് ഏറ്റവുമധികം താല്പര്യം കാണിക്കുന്നതായി കണ്ടത്. അത്തരമൊരു സമീപനം എന്തുകൊണ്ടാണ് കണ്ടതെന്ന് ഒരുതരത്തിലും പിടികിട്ടാത്തൊരു കാര്യമാണ്. ലോകം മുഴുവൻ സ്വീകരിക്കുന്ന നടപടികൾ കേരളത്തിൽ സ്വീകരിച്ചില്ലെന്ന് അദ്ദേഹം ആക്ഷേപിക്കുന്നതായി കണ്ടു. നാം ഇവിടെ ശാസ്ത്രീയമായ നിലപാടുകൾ സ്വീകരിച്ചതിന്റെ തെളിവായി ഐ.സി.എം.ആർ.-ന്റെ seroprevalence റിപ്പോർട്ട് വന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ഞാനതിവിടെ പറഞ്ഞു. അദ്ദേഹം എങ്ങനെയാണ് അത് പരമാർശിച്ചത്; എന്റെ വാക്കുകൾക്ക് മാർദ്ദവമില്ലെങ്കിലും ഉദ്ദേശശുദ്ധി മനസ്സിലാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ ഉദ്ദേശശുദ്ധിയെയാണ് ഞാനിവിടെ ചോദ്യം ചെയ്യുന്നത്. വാക്കുകളുടെ പ്രശ്നമല്ല, വാക്കുകൾ വേറെയാണ്. എന്താണ് ഉദ്ദേശമെന്നതാണ് പ്രശ്നം? ഇവിടെ നാം കാണേണ്ടത്, കേരളത്തിലെ seroprevalence - 42.7 ശതമാനമാണ്. അതേസമയം ഇന്ത്യയുടെ ശരാശരി 67.6 ശതമാനമാണ്. അതായത് നമ്മുടെ സംസ്ഥാനത്ത് രോഗം വരാത്തവരായി 50 ശതമാനത്തിൽ കൂടുതൽ ആളുകളുണ്ട്. രാജ്യത്ത് 67 ശതമാനം പേരും രോഗം വന്നവരാണ്. ചില

സംസ്ഥാനങ്ങളിൽ 80 ശതമാനത്തോളം ആളുകൾ ഈ ഗണത്തിൽപ്പെടുന്നവരാണ്. അവിടെ രോഗം വരാതിരിക്കുന്നത് സ്വാഭാവികമാണ്. ഇതിനർത്ഥം നമ്മുടെ നാട്ടിൽ എല്ലാപേർക്കും രോഗം വന്നോട്ടെ എന്നല്ല. സർക്കാർ മുന്നിൽ നിന്നുകൊണ്ട് നാടാകെ ഒന്നിച്ച് ഈ രോഗത്തെ പ്രതിരോധിക്കാൻ ശ്രമിച്ചതിന് ഫലമുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഇപ്പോഴും 42 ശതമാനത്തിൽ നാം നിൽക്കുന്നത്. ബാക്കിയുള്ള 58 ശതമാനം ആളുകൾ രോഗം വരാത്തവരാണ്. അത് കേരളത്തിന്റെ പ്രത്യേകതയല്ലേ? അത് അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നാണ് കരുതേണ്ടത്. ഇവിടെ ഏറ്റവും നിർഭാഗ്യകരമായ ഒരു വസ്തുത, കഴിയാവുന്നത്ര വാക്സിനേഷൻ ഇവിടെ നടത്തുന്നില്ലെന്നുള്ള രീതിയിൽ പറഞ്ഞു. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, ഇന്ത്യയിലെ 130 കോടി ജനങ്ങളിൽ 34,29,46,228 പേർക്ക് ഒന്നാം ഡോസ് വാക്സിനും 9,37,98,052 പേർക്ക് രണ്ടാം ഡോസ് വാക്സിനും നല്കിയിട്ടുണ്ട്. അങ്ങനെ ആകെ 43,67,44,280 ഡോസ് വാക്സിനാണ് നമ്മുടെ രാജ്യത്ത് നൽകിയത്. ജനസംഖ്യാടിസ്ഥാനത്തിൽ 26.39 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും 7.21 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകി. കേരളത്തിൽ 2021-ലെ എസ്റ്റിമേറ്റ്

ജനസംഖ്യ 3,51,00,000 ആണ്. ഇവിടെ ജൂലൈ 26 വരെ 1,31,21,707 പേർക്ക് ഒന്നാം ഡോസ് വാക്സിനും 56,82,627 പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകി. അതായത് 37.38 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകി. ഇന്ത്യയിൽ ഇത് 26.39 ശതമാനമാണ്. ആ സ്ഥാനത്താണ് നമ്മൾ 37.38 ശതമാനം വാക്സിൻ കൊടുത്തത്. രണ്ടാം ഡോസ് വാക്സിൻ ഇന്ത്യയിൽ ശരാശരി 7.21 ശതമാനമാണ് കൊടുത്തത്. കേരളത്തിൽ 16.19 ശതമാനം. ഇത് ദേശീയ ശരാശരിയെക്കാളും കൂടുതലല്ലേ; യഥാർത്ഥത്തിൽ രണ്ടാം ഡോസ് വാക്സിൻ ലഭിച്ചവരുടെ ശതമാനം ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമല്ലേ; വാക്സിനേഷന് നമ്മൾ എന്തെങ്കിലും വീഴ്ച വരുത്തിയോ; മാത്രമല്ല എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ, അവയെല്ലാം അതേ രീതിയിൽ നാം നടപ്പാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് വാക്സിനേഷൻ ആരംഭിച്ചപ്പോൾ ആരോഗ്യ പ്രവർത്തകർക്ക് കൃത്യമായി വാക്സിനേഷൻ നൽകുന്ന നിലപാടാണ് ഇവിടെ സ്വീകരിച്ചത്. സർക്കാർ ആശുപത്രി മാത്രമല്ല സ്വകാര്യ ആശുപത്രി ജീവനക്കാർ, ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ എന്നിവർക്കെല്ലാം

വാക്സിനേഷൻ നൽകി. സംസ്ഥാനത്തെ നൂറുശതമാനം ആരോഗ്യപ്രവർത്തകർക്കും ഒന്നാം ഡോസ് വാക്സിൻ നൽകി. രണ്ടാം ഡോസ് ചിലയാഴ്ചകൾ കഴിഞ്ഞതിനുശേഷമേ എടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് 82 ശതമാനം പേർക്കാണ് അത് ലഭിച്ചത്. മറ്റുള്ളവർക്ക് എടുക്കാൻ ബാക്കി നിൽക്കുകയാണ്. ഇത് നമ്മുടെ നാടിന്റെ പ്രത്യേകതയല്ലേ? ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഇന്നലെ സഭയിൽ ബഹുമാന്യനായ ഒരംഗം ചില കാര്യങ്ങൾ ഉന്നയിച്ചിരുന്നു. കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ചില പരാമർശങ്ങളുടെ ഭാഗമായിട്ടാണ് ആ ഉന്നയിക്കൽ നടത്തിയത്. അതുസംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രിയോ മറ്റോ ചില പരാമർശങ്ങൾ നടത്തുകയും ചെയ്തിരുന്നു. കേരളത്തിലെ മുന്നണിപ്രവർത്തകർക്ക് ആവശ്യമായത്ര വാക്സിൻ നൽകിയില്ലായെന്ന വസ്തുതയ്ക്ക് നിരക്കാത്ത കാര്യമാണ് അംഗം പറഞ്ഞത്. ഇതുസംബന്ധിച്ച കണക്ക് ഇന്നലെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതുമാണ്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള വിഭാഗത്തിന് 21 ശതമാനം പേർക്ക് ഒന്നാം ഡോസ് ലഭിച്ചിട്ടുണ്ട്. ഒന്നാം ഡോസ് ലഭിച്ച് പന്ത്രണ്ട് ആഴ്ചകൾക്കുശേഷമാണ് രണ്ടാം ഡോസ്

ലഭിക്കുന്നത്. 2,64,738 പേർക്കാണ് രണ്ടാം ഡോസ് എടുക്കാനായത്. ആദ്യഘട്ടത്തിൽ 18 മുതൽ 45 വയസ്സുവരെയുള്ളതിലും മുൻഗണനാവിഭാഗത്തിൽപ്പെട്ടവർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. അത് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരംതന്നെയാണ്. 45 വയസ്സിന് മുകളിലുള്ള 76 ശതമാനം പേർക്ക് ഒന്നാം ഡോസും 39 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകിയിട്ടുണ്ട്. ഇതെല്ലാം ദിവസവും നാം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇതൊന്നും മറച്ചുവയ്ക്കുന്ന കാര്യമല്ല. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ചുതന്നെയാണ് കാര്യങ്ങൾ നീക്കിയിട്ടുള്ളത്. അതേസമയം കേന്ദ്രത്തിൽ പുതിയതായി വന്ന ആരോഗ്യ വകുപ്പുമന്ത്രിയെ ചില എം.പി.-മാർ ചെന്ന് കണ്ടപ്പോഴാണെന്ന് തോന്നുന്നു തീർത്തും തെറ്റായൊരു വർത്തമാനമുണ്ടായത്. നേരത്തെയുള്ള ആരോഗ്യ വകുപ്പുമന്ത്രിയെ പലർക്കും അറിയാമായിരിക്കുമല്ലോ; അദ്ദേഹം പോയിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. അന്ന് ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പും കേരളത്തിന്റെ എല്ലാ നേട്ടങ്ങളെയും എടുത്തുപറയുന്നുണ്ടായിരുന്നു. പത്ത് ലക്ഷം ഡോസ് വാക്സിൻ കേരളത്തിന്റെ കൈവശമുണ്ടെന്ന് പുതിയ ആരോഗ്യ വകുപ്പുമന്ത്രി വന്നപ്പോൾ പറഞ്ഞു. ഇല്ലാത്തൊരു കാര്യമാണത്; ആ ദിവസം

നമ്മുടെ കൈവശമുണ്ടായിരുന്നത് അഞ്ചുലക്ഷം ഡോസ് വാക്സിനാണ്. കഴിഞ്ഞ ശനിയാഴ്ച സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വാക്സിൻ നൽകി. ഒരു ദിവസംകൊണ്ട് 4,88,000 പേർക്കാണ് വാക്സിൻ നൽകിയത്. അത് റെക്കോർഡാണ്. ഇനി ഇപ്പോൾ എന്താണ് സ്ഥിതി? ഇനി നമ്മുടെ കൈവശം വാക്സിനില്ലാത്തതുകൊണ്ട് കേന്ദ്രത്തോട് ചോദിക്കുന്നു; കേന്ദ്രം നൽകുന്നുണ്ട്, പക്ഷേ നമ്മുടെ ആവശ്യത്തിന് തികയുന്നില്ല. അത് വീണ്ടും ചോദിക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഞായറാഴ്ച 1,26,000 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. കേരളം വളരെ കൃത്യതയോടെ കാര്യക്ഷമമായാണ് വാക്സിൻ നൽകുന്നതെന്ന വസ്തുത കാണാതിരിക്കരുത്.

ഇവിടെ നിയന്ത്രണങ്ങളുടെ കാര്യം പറഞ്ഞു. ആദ്യഘട്ടത്തിൽതന്നെ നിയന്ത്രണം കൊണ്ടുവന്ന സംസ്ഥാനമാണ് നമ്മുടേത്. നമ്മുടെ സംസ്ഥാനമായിരുന്നു ആദ്യം ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. 2020 ഫെബ്രുവരി 4-ാം തീയതിയാണ് കോവിഡ് ഒരു ദുരന്തമാണെന്ന് പ്രഖ്യാപിക്കുന്ന നിലവന്നത്. അതിന്റെ ഭാഗമായി ലോക്ക്ഡൗൺ പ്രഖ്യാപിക്കേണ്ടിവന്നു. തൊട്ടുപിന്നാലെ രാജ്യമാകെ ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്ന നിലയുണ്ടാകുകയും ചെയ്തു. അപ്പോൾ നാം സ്വീകരിച്ച

ശാസ്ത്രീയമായ സമീപനമാണ് ഇതേവരെയും തുടർന്നുവന്നത്. 'നിങ്ങൾക്ക് ആരാണ് ഉപദേശം നൽകുന്നത്; ഏത് വിദഗ്ദ്ധരാണ് നിങ്ങൾക്കുള്ളത്; നിങ്ങൾക്ക് വിദഗ്ദ്ധരോട് ചോദിച്ചുകൂടെ' എന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ചോദിച്ചു. ആ ഉപദേശങ്ങളുടെ ഭാഗമായി 2020 ഫെബ്രുവരി മാസം മുതൽ നാം സ്വീകരിച്ച നടപടികളെല്ലാം ഫലപ്രദവും കാര്യക്ഷമവും നാടിന്റെ രക്ഷയുറപ്പാക്കുന്നതുമായിട്ടുണ്ട് എന്നതാണ് വസ്തുത. അതിന്റെ ഭാഗമായി പിന്നീടുവന്ന നിയന്ത്രണങ്ങൾ തുടരുകയല്ലേ ചെയ്തത്. നിയന്ത്രണങ്ങളുടെ ഘട്ടത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മഹാദുരന്തത്തിന്റെ ഭാഗമായി പട്ടിണി കിടക്കേണ്ടിവരുമെന്ന് ചിന്തിക്കുന്ന ജനങ്ങൾ, അന്നന്ന് ജോലിയെടുത്താൽ മാത്രം അടുപ്പ് പുകയുന്ന കുടുംബങ്ങളുള്ള വീടുകൾ, അത്തരം ആളുകളെ ചേർത്തുപിടിക്കാനും അവർക്ക് ഭക്ഷണമെത്തിക്കാനും നാടാകെ ഒന്നിച്ചുനീങ്ങി. അതായിരുന്നു കമ്മ്യൂണിറ്റി കിച്ചൻ. ഇതൊന്നും സർക്കാർ നേരിട്ട് മാത്രമല്ലല്ലോ ചെയ്യുന്നത്, നാടാകെ എല്ലാവരും കൂടിയാണ് ചെയ്തത്. ആ കാര്യങ്ങൾ മറന്നുപോകാൻ പാടുണ്ടോ? പിന്നീട് നല്ല രീതിയിൽ ഇളവുകൾ നൽകുന്ന സ്ഥിതിയുണ്ടായി.

എന്തായിരുന്ന ഉദ്ദേശ്യം? സമൂഹത്തിൽ വേഗത്തിലുള്ള വ്യാപനം കുറയ്ക്കാനും രോഗം തീവ്രമായി വരുമ്പോൾ ആശുപത്രിവാസം വേണ്ടിവരുന്നവരുടെ എണ്ണം നിയന്ത്രിക്കാനുമാണ് ഈ നിയന്ത്രണങ്ങളിലൂടെ ലക്ഷ്യം വച്ചത്. ഇവ രണ്ടും......

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കോവിഡ് നിയന്ത്രണവിധേയമായിരിക്കുന്ന ഘട്ടത്തിൽ ഒരു സിസ്റ്റം കൊണ്ടുവന്ന് സാധാരണ ജീവിതം എല്ലാ മേഖലകളിലും അനുവദിക്കുന്ന രീതിയാണ് മറ്റു രാജ്യങ്ങളൊക്കെ ചെയ്യുന്നത്. ബിവറേജിന്റെ വിഷയം പൊളിറ്റിക്കലായി പറഞ്ഞതല്ല, അവിടെയൊരു സിസ്റ്റം കൊണ്ടുവന്നല്ലോ. അതേ സിസ്റ്റം വിവിധ മേഖലകളിൽ കൊണ്ടുവന്ന് സാധാരണജീവിതം അനുവദിച്ചുകൂടേ? അതുപോലെ ഡയറക്ട് പേമെന്റ് എന്നുപറയുന്നത് വെറുതെ കാശ് കൊടുക്കലല്ല. കിറ്റ് കൊടുക്കണമെന്ന് തന്നെയാണ് ഞാൻ പറഞ്ഞത്. അതിന്റെ കൂടെ കുറച്ച് ഡയറക്ട് പേമെന്റ്കൂടി കൊടുത്താൽ അത് സർക്കുലേറ്റ് ചെയ്യും. ശ്രീ. മൻമോഹൻ സിംഗാണ് ഈ ആശയത്തിന്റെ ഉപനേതാവ്. സ്റ്റിമുലസ് പാക്കേജാണത്. പ്രവാസികൾക്ക് എത്ര രൂപ കൊടുത്തുവെന്ന് നേരത്തെ ഡോ. എം. കെ. മുനീർ ചോദിച്ചു. പത്ത്-പതിനഞ്ചുലക്ഷം

പ്രവാസികൾ വന്നവർക്ക് ഒരു ലക്ഷം രൂപപോലും കൊടുത്തിട്ടില്ല. എങ്ങനെയെങ്കിലും കാശുണ്ടാക്കി മാസംതോറും അയ്യായിരമോ രണ്ടായിരമോ രൂപ ജനങ്ങളുടെ കയ്യിലെത്തിച്ചാൽ എക്കണോമി സ്റ്റിമുലേറ്റഡാകും. ആരുടെ കയ്യിലും പണമില്ല. ഞങ്ങൾ പറയുന്നതല്ല, വിദഗ്ദ്ധന്മാർ ഞങ്ങളോട് പറയുന്നുണ്ട്. അതുകൊണ്ട് പ്രതിപക്ഷത്തെ വിളിച്ച് ചർച്ച ചെയ്താൽ ഞങ്ങൾ സജഷൻ വയ്ക്കാം. നമ്മളെല്ലാവരുംകൂടി നോക്കാമെന്ന് പറയുമ്പോൾ നിങ്ങൾ പോളിസി ഉണ്ടാക്കി അതാണ് നല്ലതെന്ന് നിങ്ങൾക്ക് പറയാം. പക്ഷേ ലോകം മുഴുവൻ പോകുന്നത് ഇങ്ങനെയാണ്. സ്റ്റിമുലസ് പാക്കേജ് നൽകണം. ഒരു സിസ്റ്റം കൊണ്ടുവന്നിട്ട് എക്കോണമിയെ തുറന്നിടണം. ഇതാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കോവിഡിന്റെ ആദ്യഘട്ടത്തിലും പിന്നീടും ഞങ്ങളെല്ലാവരും കൂടിയിരുന്നാണ് ചർച്ച ചെയ്തത്. അതിൽ സർവ്വകക്ഷി ചർച്ചകൾ നടന്നിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെയാണ് സർക്കാർ നടപടികളിലേയ്ക്ക് നീങ്ങിയിട്ടുള്ളത്. ഇവിടെ നിയന്ത്രണങ്ങളുടെ കാര്യം പറയുമ്പോൾ എല്ലാവർക്കും ഫ്രീയായി കാര്യങ്ങൾ നീങ്ങാൻ അനുമതി വേണമെന്നും മറ്റ് രാജ്യങ്ങളിലൊക്കെ അങ്ങനെയാണെന്നും അദ്ദേഹം

പലവട്ടം ആവർത്തിച്ചിട്ടുണ്ട്. നമ്മുടെയെല്ലാം അനുഭവത്തിലൊരു കാര്യമുണ്ടല്ലോ. പല രാജ്യങ്ങളും ഇപ്പോഴും അടച്ചിട്ടിരിക്കുകയാണ്. അങ്ങോട്ട് ആളുകൾക്ക് പോകാൻ കഴിയാത്ത അവസ്ഥ ഇപ്പോൾ പലയിടത്തും നിൽക്കുന്നുണ്ട്. അത് നമ്മൾ മറന്നുപോകരുത്. ചില ഘട്ടത്തിൽ അവിടത്തെ രോഗവ്യാപനസ്ഥിതി വച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ്. നമ്മൾ ഇവിടെ ചെയ്തത് എന്താണ്? ഇപ്പോഴത്തെ നില ഞാൻ പറയാം. നാലായി തിരിച്ചു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അഞ്ച് ശതമാനത്തിൽ താഴെയായാൽ അവിടെ എല്ലാ തരത്തിലും കാര്യങ്ങൾ നടത്താം, ഒരു തടസ്സവുമില്ല. അഞ്ച് ശതമാനം മുതൽ പത്ത് ശതമാനം വരെയായാൽ അത് 'ബി' കാറ്റഗറിയായി കണക്കാക്കുന്നു. പത്ത് ശതമാനം മുതൽ പതിനഞ്ച് ശതമാനം വരെ 'സി' കാറ്റഗറിയും പതിനഞ്ച് ശതമാനത്തിന് മുകളിലായാൽ 'ഡി' കാറ്റഗറിയുമാണ്. അഞ്ച് ശതമാനത്തിന് താഴെയുള്ള പ്രദേശങ്ങളിൽ സാധാരണഗതിയിൽ നിയന്ത്രണങ്ങളൊന്നുമില്ല. അഞ്ച് ശതമാനത്തിനും പത്ത് ശതമാനത്തിനുമിടയിലുള്ളതാണ് 'ബി' കാറ്റഗറി. 'സി', 'ഡി' കാറ്റഗറികളിലാണ് കുറച്ച് കൂടുതൽ നിയന്ത്രണങ്ങളുള്ളത്. നമ്മുടെ അനുഭവം എന്താണ്? കേരളത്തിൽ 'ഡി' കാറ്റഗറിയിൽ 75 തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് കരുതുക. ഒരാഴ്ച കഴിഞ്ഞ് പരിശോധിച്ചാൽ അതിൽ പകുതിയിലധികവും 'എ'-യിലേയ്ക്കോ 'ബി'-യിലേയ്ക്കോ മാറിയിട്ടുണ്ടാകും. അതുപോലെ 'എ'-യിലും 'ബി'-യിലും ഉള്ളവർ 'ഡി'-യിലേയ്ക്കെത്തിയിട്ടുമുണ്ടാകും. എന്താണ് കാര്യം? അവിടെ ഫ്രീയായ അവസ്ഥ വന്നപ്പോൾ അവർ നിയന്ത്രണങ്ങൾ പാലിക്കാതെയായി. അങ്ങനെ വരുമ്പോൾ കോവിഡ് വ്യാപിക്കുന്ന സ്ഥിതി വന്നു. അതിന്റെ ഭാഗമായി 'ഡി' കാറ്റഗറി ആയി മാറുകയാണ്. ഇത് കാണിക്കുന്നത് എന്താണ്? നിയന്ത്രണങ്ങൾ ഫലപ്രദമാണ്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ നിയന്ത്രണങ്ങൾ തീർത്തും ഒഴിവാക്കാറായിട്ടില്ല. എന്നാൽ ഒരു കാര്യം എല്ലാ ഘട്ടത്തിലും നാം ഉറപ്പുവരുത്തിയിട്ടുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എല്ലാ ഘട്ടത്തിലും ഉറപ്പ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടായിട്ടില്ല. അതുപോലെതന്നെ നെൽകൃഷി, വിളവെടുപ്പ്, സംഭരണം, ചെറുകിട വ്യവസായങ്ങൾ ഇവയ്ക്കെല്ലാം ഇളവുകൾ നൽകിയിട്ടുണ്ട്. വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ചില ഇളവുകൾ നൽകിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് പൊതുവായ ചില മാനദണ്ഡങ്ങളുണ്ട്. കേന്ദ്ര സർക്കാർ 25-03-2020-ന്

നിർദ്ദേശിച്ച നിയന്ത്രണങ്ങളുണ്ട്. ആ നിയന്ത്രണങ്ങളുടെ പരിധിക്കകത്ത് നിന്നുകൊണ്ടാണ് നമ്മൾ കാര്യങ്ങൾ ചെയ്യേണ്ടത്. അല്ലെങ്കിൽ നിങ്ങളെന്തിനാണ് ഇങ്ങനെ കാണിക്കുന്നതെന്ന് അവർ ചോദിക്കും. അത് രാജ്യത്തിന്റെ പൊതുവായ സ്ഥിതിക്ക് ചേർന്നതല്ല. അതിനകത്ത് നിന്നുകൊണ്ട് നമ്മൾ കാര്യങ്ങൾ നിർവ്വഹിക്കുകയാണ്. അതിന് ഫലമുണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് കേരളത്തിൽ ഏറ്റവും കൂടുതൽ രോഗം വന്ന ഘട്ടത്തിൽപ്പോലും നമ്മുടെ ആരോഗ്യശേഷിക്കപ്പുറം രോഗികൾ എത്തിപ്പെടാതിരുന്നത്. മറ്റ് പലയിടത്തും ഉണ്ടായതുപോലെ നമ്മുടെ ഒരു ആശുപത്രിയിലും അത്തരം പ്രശ്നങ്ങളുണ്ടായില്ല. നമ്മുടെ ആരോഗ്യശേഷിയുടെ പ്രത്യേകത തന്നെയാണ് അത് കാണിച്ചത്. ഇവിടെ ഒരു ഘട്ടത്തിൽ മൈക്രോ കണ്ടെയ്ൻമെന്റ് സോണുകൾവരെ ഏർപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ഒരു വാർഡ് അല്ലെങ്കിൽ ഒരു പ്രദേശം അടക്കം വേർതിരിച്ച് നിർത്തിക്കൊണ്ട് മൈക്രോ കണ്ടെയ്ൻമെന്റ് സോൺ ആക്കുന്ന നിലപാട് നമ്മൾ സ്വീകരിച്ചു. ഇപ്പോൾ നമ്മൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം..... അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ മറുപടി പറയണ്ടേ; അദ്ദേഹം ഈ നാടിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്താനുള്ള ശ്രമം

നടത്തിയാൽ, എന്താണ് നാട്ടിൽ നടക്കുന്നത് എന്ന് പറയാനുള്ള ബാധ്യത സർക്കാരിനില്ലേ. അത് നിർവ്വഹിക്കുകയാണ് ഞാൻ. അല്ലാതെ കൂടുതൽ സമയമെടുക്കാനൊന്നും എനിക്ക് താൽപ്പര്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതിരോധത്തിന്റെ കാര്യത്തിൽ കേരളം നടപ്പാക്കിയ കാര്യങ്ങളെക്കുറിച്ചാണല്ലോ ഇവിടെ സൂചിപ്പിച്ചത്. പക്ഷേ alarming ആയിട്ടുള്ള പ്രശ്നം ടി.പി.ആർ. കുറയുന്നില്ല, കൂടുകയാണ്, രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ് എന്നുള്ളതാണ്. കേന്ദ്ര ഹോം സെക്രട്ടറി ചീഫ് സെക്രട്ടറിയുമായി സംസാരിക്കാൻ തയ്യാറെടുത്തിരിക്കുന്നുവെന്ന വാർത്തയാണ് ഇന്നലെ നാഷണൽ ചാനലുകളിലൊക്കെ പ്രത്യക്ഷപ്പെട്ടത്. ഗുരുതരമായ ഈ അവസ്ഥയെ ഗൗരവപൂർവ്വം കണ്ടുകൊണ്ട് ഇതുവരെ നമ്മളെടുത്ത നടപടികൾക്ക് പാളിച്ചയുണ്ടായിട്ടുണ്ടോയെന്നുള്ള റിവ്യൂ നടത്തുകയും...., (അത് മറ്റൊരു ദുരുദ്ദേശത്തോടുകൂടി പറയുന്നതല്ല, ദുരഭിമാനത്തിന്റെ ആവശ്യവുമില്ല.) കേരളത്തിലും മഹാരാഷ്ട്രയിലുമാണ് ഇപ്പോൾ ഏറ്റവും കൂടുതൽ രോഗികളുള്ളത്. കേരളമാണ് നമ്പർ വൺ. എന്തുകൊണ്ടാണ് ഇങ്ങനെ

സംഭവിക്കുന്നുവെന്നതിൽ ഒരു പുനരാലോചന അല്ലെങ്കിൽ കൂടിയാലോചന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഉന്നയിച്ചത് ശരിയായ കാര്യമാണ്. എന്തുകൊണ്ടാണിത്? ഇതുമായി ബന്ധപ്പെട്ട് ഏതൊരാൾക്കും പുറമെനിന്ന് നോക്കുമ്പോൾ, എന്താണ് കേരളം ഇങ്ങനെ നിൽക്കുന്നത്. ടി.പി.ആർ. കുറേക്കാലമായി പത്ത് ശതമാനത്തിന് മുകളിൽത്തന്നെയാണല്ലോ, ഇത് താഴേയ്ക്ക് പോകുന്നില്ലല്ലോ, എന്താണ് അങ്ങനെയെന്ന് സ്വാഭാവികമായും തോന്നും. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ വിദഗ്ദ്ധർ പലരും ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. കേരളം അങ്ങോട്ട് കാര്യങ്ങൾ പറയുമ്പോൾ, 'ഇതല്ലാതെ ഇതിനപ്പുറം ഒന്നും ചെയ്യാനില്ല, നിങ്ങൾ ശരിയായ രീതിയിൽത്തന്നെയാണ് പോകുന്നത് എന്ന മറുപടിയാണ് എല്ലാ വിദഗ്ദ്ധരും പറയുന്നത്. നാം സ്വീകരിച്ച നടപടികളിൽ തെറ്റുണ്ട് എന്ന് ഒരു വിദഗ്ദ്ധരും നമ്മളുമായുള്ള ചർച്ചയിൽ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ദേശീയ തലത്തിലുള്ള വിദഗ്ദ്ധരുമായിട്ടാണല്ലോ നമ്മൾ ചർച്ച ചെയ്യുന്നത്. എന്നാൽ നമ്മുടെ നാട്ടിൽ ഈ പറയുന്ന ഒരു അവസ്ഥയുണ്ട്. ദീർഘകാലമായി ഒരേ നില തുടരുന്ന എന്നുള്ളത് കുറച്ച്

ആശങ്കയുണ്ടാക്കേണ്ട കാര്യമാണ്. നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. രോഗം കൂടുതൽ വ്യാപിക്കാതിരിക്കണം, വ്യാപനം തടയാൻ നമുക്ക് കഴിയണം. കാരണം, ഈ ഘട്ടത്തിൽ വിവിധ വേരിയന്റുകൾ വന്നേക്കാം. നേരത്തേ മഹാരാഷ്ട്രയിൽ ഇത്തരമൊരു അവസ്ഥയുണ്ടായിരുന്നുവെന്നും ഡെൽറ്റാ വൈറസിന്റെ ഉത്ഭവത്തിന് അതിടയാക്കി എന്നും പറയുന്നുണ്ട്. അങ്ങനെയൊരു അപകടാവസ്ഥ ഇതിനുണ്ട്. അതുകൊണ്ടുതന്നെ കഴിയാവുന്ന ശ്രമമൊക്കെ നമ്മൾ നടത്തുകയാണ്. നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുപോകുക എന്നതാണ് ചെയ്യേണ്ടത്. അതിന് സഹായകരമായ നിലപാടാണ് നമ്മളെല്ലാവരും സ്വീകരിക്കേണ്ടത്. നമുക്കെല്ലാവർക്കും കടകൾ തുറക്കണമെന്ന് ആഗ്രഹമുണ്ടാകും. എല്ലാം തുറന്ന് വിടണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷേ ഈയൊരു പൊതുനിയന്ത്രണത്തിൽ നിന്നുകൊണ്ട് മാത്രമേ കാര്യങ്ങൾ നിർവ്വഹിക്കാനാകൂ എന്നത് നമുക്ക് തിരിച്ചറിയാനാകണം. അതിന്റെ ഭാഗമായി എന്താണോ ചെയ്യാൻ സാധിക്കുന്നത് അത് ഓരോ ഘട്ടത്തിലും സർക്കാർ ചെയ്യുകയാണ്. അതിന്റെ ഭാഗമായി നമുക്ക് നല്ല രീതിയിൽ ഈ

കാര്യങ്ങൾ നിയന്ത്രണ വിധേയമാക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഈ സഭയിൽ ഞങ്ങൾ അവതരിപ്പിച്ചപ്പോൾ സർക്കാരിന്റെ മറുപടി എന്നെ വിസ്മയിപ്പിക്കുകയാണ് ചെയ്തത്. സഭ നിർത്തിവച്ച് ഇത് വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യുമെന്നാണ് ഞങ്ങൾ കരുതിയത്. ഞാൻ ഇവിടെ ഇരിക്കുന്ന മന്ത്രിമാരടക്കമുള്ള മുഴുവൻ എം.എൽ.എ.-മാരോടും ചോദിക്കുന്നു, നിങ്ങളെ കാണാൻ എത്രയോ ആളുകൾ വരുന്നു, ഓരോ സെക്ടറിൽനിന്നുമുള്ള ആളുകളും അവരുടെ സംഘടനകളും പ്രതിനിധികളുമെല്ലാം നിങ്ങളെ വന്നുകണ്ട് സങ്കടങ്ങൾ പറയുന്നുണ്ട്. എത്രപേരാണ് നമ്മളെ എല്ലാവരെയും കണ്ട് അവരുടെ

വിഷമങ്ങൾ പറയുന്നത്. എത്രപേരാണ് വാടക നൽകാൻ ഇല്ലാത്തതിന്റെ പേരിൽ വാടക വീട്ടിൽനിന്നും ഇറക്കിവിട്ട കാര്യം നമ്മളോട് സങ്കടം പറയുന്നത്. എത്രപേരാണ് മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ട് സങ്കടങ്ങളുമായി നമ്മുടെ മുമ്പിൽ വരുന്നത്. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ദിനംപ്രതിയെന്നോണം കേരളത്തിൽ വർദ്ധിക്കുകയാണ്. സർക്കാർ നടത്തുന്ന പഠനത്തിന്റെ സംവിധാനങ്ങളൊന്നും ഞങ്ങൾക്കില്ല. പക്ഷേ യു.ഡി.എഫ്. നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇവിടെ വിഷയങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചത്. കേരളത്തിലെ ഓരോ മേഖലയിലും കോവിഡും മഹാമാരിയും അതിനെത്തുടർന്നുണ്ടായ ലോക്ക്ഡൗണുകളും ഉണ്ടാക്കിയ ആഘാതം എത്രമേൽ ആഴത്തിലാണ് എന്ന് പഠിക്കണ്ടേ? പഠിക്കുക മാത്രമല്ല, ആ മേഖലകളെ എങ്ങനെ നമുക്ക് കൈപിടിച്ചുയർത്താം, രക്ഷപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ആലോചനകൾ വേണ്ടേ? ഇവിടെ കാർഷിക മേഖല ഉൾപ്പെടുന്ന പ്രൈമറി സെക്ടറിൽ സമ്പൂർണ ലോക്ക്ഡൗണിന്റെ കാലത്ത് 74 ശതമാനവും അല്ലാത്ത സമയത്ത് 46 ശതമാനവും നഷ്ടമുണ്ടായിരിക്കുന്നു. ഉൽപ്പാദന മേഖല ഉൾപ്പെടുന്ന സെക്കണ്ടറി സെക്ടറിൽ ലോക്ക്ഡൗൺ കാലത്ത് 88

ശതമാനവും അല്ലാത്ത സമയത്ത് 81 ശതമാനവും നഷ്ടമുണ്ടായിരിക്കുന്നു. സർവീസ് സെക്ടറിൽ സമ്പൂർണ ലോക്ക്ഡൗൺ കാലത്ത് 79 ശതമാനവും അല്ലാത്ത സമയത്ത് 58 ശതമാനവും നഷ്ടമുണ്ടായിരിക്കുന്നു. കോവിഡ് കാരണം ഏറ്റവും കൂടുതൽ ആഘാതം സംഭവിച്ചത് ദിവസവേതനക്കാർക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുമാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കാൻ അനുവാദം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എന്നാൽ അസംസ്കൃത വസ്തുക്കളായ സിമന്റിന്റെയും കമ്പിയുടെയും വലിയ തോതിലുള്ള വിലവർദ്ധനവ് നിർമ്മാണ മേഖലയെ അക്ഷരാർത്ഥത്തിൽ സ്തംഭിപ്പിച്ചിരിക്കുകയാണ്. അതുമൂലം നിർമ്മാണ മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾ പട്ടിണിയിലേയ്ക്ക് പോകുകയാണ്. സിനിമാ പ്രദർശന ശാലകൾ, ഓഡിറ്റോറിയങ്ങൾ, ഹൗസ് ബോട്ടുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഹോട്ടലിലെ പാചകക്കാർ, വിനോദ സഞ്ചാര കേന്ദ്രത്തിലെ തൊഴിലാളികൾ, കാറ്ററിംഗ്, പന്തൽ തൊഴിലാളികൾ, ലൈറ്റ്&സൗണ്ട്, പ്രിന്റിംഗ് തൊഴിലാളികൾ, കലാകാരന്മാർ, സ്റ്റേജ് ഷോ നടത്തുന്നവർ, ബ്യൂട്ടി പാർലറുകളിൽ

ജോലിചെയ്യുന്നവർ എന്നിവർക്ക് പൂർണ്ണമായ തൊഴിൽ നഷ്ടം സംഭവിച്ചിരിക്കുകയാണ്. വസ്ത്ര വ്യാപാര സ്ഥാപനങ്ങൾ, ഫാൻസി ഡെക്കറേഷൻ വ്യാപാരം, സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ ബസ്സുകൾ, വർക്ക്ഷോപ്പുകൾ, സ്പെയർപാർട്സ് കടകൾ, ചെറുകിട നിർമ്മാണ യൂണിറ്റുകൾ, ഫീൽഡ് ജീവനക്കാർ എന്നിവർക്ക് 50 മുതൽ 60 ശതമാനം വരെയാണ് തൊഴിൽനഷ്ടമുണ്ടായിരിക്കുന്നത്. കേരളത്തിൽ മൂന്ന് ലക്ഷത്തോളം പേരുടെ ഉപജീവനമാർഗ്ഗമായ ലൈറ്റ് & സൗണ്ട്സ് തൊഴിൽ മേഖലയിലെ അഞ്ച് പേർ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തു. അതുമാത്രമല്ല, ബേക്കറി തൊഴിലാളിയും ബസ് ഉടമയുമൊക്കെ ആത്മഹത്യ ചെയ്ത വാർത്തകൾ നമ്മൾ വായിച്ചതാണ്. അത്തരത്തിൽ എല്ലാ മേഖലകളിലും ആത്മഹത്യകൾ വർദ്ധിച്ചുവരികയാണ്. ഇവിടെ ചെറുകിട വ്യവസായ മേഖല പൂർണ്ണമായും തകർച്ചയുടെ ഘട്ടത്തിലെത്തി നിൽക്കുകയാണ്. 25,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലെ ചെറുകിട വ്യവസായ മേഖലകളിലുണ്ടായിരിക്കുന്നത്. അൻപത് ശതമാനത്തിൽതാഴെയുള്ള വ്യവസായ യൂണിറ്റുകൾ മാത്രമാണ് ഇവിടെ നമുക്ക് തുറക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയ ഉൽപന്നങ്ങളില്ല, തൊഴിലില്ല,

പണലഭ്യതപോലുമില്ലാത്ത സാഹചര്യങ്ങൾ വന്നിരിക്കുകയാണ്. ഇവിടെ ധനകാര്യവകുപ്പുമന്ത്രി അവർക്ക് ലോൺ അനുവദിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. 2018-ലെ പ്രളയത്തിൽ നിങ്ങൾ പ്രഖ്യാപിച്ച ലോൺ ഇതുവരെ ഒരു കച്ചവടക്കാരനോ വ്യവസായിക്കോ കൊടുത്തിട്ടില്ല. നിങ്ങൾ ഈ സഭയിൽ നടത്തിയ വലിയ പ്രഖ്യാപനം 2019-ലെ പ്രളയത്തിനുശേഷവും ഇപ്പോഴും അതുപോലെ നിൽക്കുകയാണ്. 175000 ചെറുകിട വ്യവസായ സംരംഭങ്ങളിലായി നമ്മുടെ സംസ്ഥാനത്ത് നാൽപത് ലക്ഷത്തോളം തൊഴിലാളികളുണ്ട്. ഈടില്ലാതെ പ്രവർത്തന മൂലധനമായി 30% വരെ വായ്പ നൽകണം എന്നതാണ് ഇവരുടെ ആവശ്യം. ഇവിടെ മൊറട്ടോറിയവുമായി ബന്ധപ്പെട്ട ഒരു വിഷയം പറഞ്ഞു. നിങ്ങൾ തെരഞ്ഞെടുപ്പിനുമുൻപ് ഇതൊക്കെ നല്ലരീതിയിൽ അഡ്രസ്സ് ചെയ്തിരുന്നു. ആദ്യ ലോക്ഡൗൺ വന്നപ്പോൾ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടി നാഷണലൈസ്ഡ് ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും എൻ.ബി.എഫ്.സി.കൾക്കും മൊറട്ടോറിയം കൊടുത്തു. അതുപോലെതന്നെ വട്ടിപ്പലിശക്കാരോടും മൈക്രോ ഫിനാൻസുകാരോടും ഇപ്പോൾ പണം പിരിക്കരുതെന്ന് പറഞ്ഞിരുന്നു. തെരഞ്ഞെടുപ്പ്

കഴിഞ്ഞപ്പോൾ എന്താണ് ചെയ്തത്? ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടിയോ? ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടണം, ബാങ്കുകളോട് അഭ്യർത്ഥിക്കണമെന്ന് ഞങ്ങൾ കഴിഞ്ഞ സഭയിൽ പറഞ്ഞതാണ്. കോവിഡിന്റെ ഒന്നാം തരംഗത്തെക്കാളും എത്രയോ ശക്തമാണ് രണ്ടാം തരംഗം. അതുകൊണ്ടുതന്നെ രണ്ടാമത്തെ ലോക്ഡൗൺ എത്രമാത്രം പ്രശ്നങ്ങളാണുണ്ടാക്കിയിരിക്കുന്നത്. എന്നിട്ട് നാഷണലൈസ്ഡ് ബാങ്കുകൾക്കോ സഹകരണ ബാങ്കുകൾക്കോ എൻ.ബി.എഫ്.സി.ക്കോ കുടുംബശ്രീ ലോണിനോ എന്തിനെങ്കിലും നിങ്ങൾ മൊറട്ടോറിയം നൽകിയോ? ഒരാൾക്കും നൽകിയില്ല. ബാങ്കുകളിൽനിന്നുമുള്ള റിക്കവറി നോട്ടീസുകളാണ് ഇപ്പോൾ എല്ലാ വീടുകളുടെയും വാതിൽക്കൽ പതിപ്പിക്കപ്പെടുന്നത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ വട്ടിപ്പലിശക്കാരും എൻ.ബി.എഫ്.സി.കളും ഗുണ്ടകളെവിട്ട് ലോൺ അടയ്ക്കാത്തവരെ ഭീഷണിപ്പെടുത്തുകയാണ്, പാവപ്പെട്ട സ്ത്രീകളോട് ദ്വയാർത്ഥത്തിൽ സംസാരിക്കുകയാണ്. ആളുകൾ ആത്മഹത്യ ചെയ്താൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? ആരുണ്ട് അവർക്കുവേണ്ടി സംസാരിക്കാൻ? ഒരാളും ചോദിക്കാനില്ലാത്ത അവസ്ഥയാണുള്ളത്. ഞങ്ങൾ

കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞതാണ്, നിങ്ങൾ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചു ചേർക്കണം, റിസർവ് ബാങ്കുമായി ബന്ധപ്പെടണം. സിബിൽ റേറ്റിംഗ് ഈ കാലയളവിൽ സസ്പെന്റ് ചെയ്തില്ലെങ്കിൽ കേരളത്തിൽ ഇനി ഒരാൾക്കുപോലും ലോൺ കിട്ടില്ല, കാരണം എല്ലാവരുടെയും സിബിൽ റേറ്റിംഗ് താഴേയ്ക്ക് പോയിരിക്കുകയാണ്. ഇതെല്ലാം ഞങ്ങൾ ഈ സഭയുടെ ആദ്യത്തെ സമ്മേളനത്തിൽ പറഞ്ഞിട്ട് നിങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഗതാഗതമേഖലയിൽ സ്വകാര്യ ബസ്സുകൾ, ഓട്ടോറിക്ഷ, ടാക്സികൾ, കോൺട്രാക്ട് ക്യാരേജുകൾ, ചരക്കുവാഹനങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗവും സമരത്തിലാണ്. ഇവിടെ ഞങ്ങൾ കാലുപിടിച്ച് പറഞ്ഞപ്പോൾ ധനകാര്യമന്ത്രി പറഞ്ഞത് ഓഗസ്റ്റ് 31-ാം തീയതി വരെ അവർ ടാക്സ് അടയ്ക്കണ്ട എന്നാണ്. കഴിഞ്ഞ പ്രാവശ്യത്തെ ലോക്ഡൗൺ ഇലക്ഷന് മുൻപായതുകൊണ്ട് നിങ്ങൾ ടാക്സ് എക്സംപ്ഷൻ കൊടുത്തു, ഇലക്ഷൻ കഴിഞ്ഞപ്പോൾ ആ സഹായങ്ങളൊന്നുമുണ്ടായില്ല. ഓഗസ്റ്റ് 31 വരെ ടാക്സ് അടയ്ക്കേണ്ട എന്ന് ധനകാര്യമന്ത്രി സഭയിൽപറഞ്ഞതിനുശേഷം എത്ര ദിവസം കഴിഞ്ഞിട്ടാണ് ഓർഡർ ഇറങ്ങിയത്? ഗതാഗത വകുപ്പുമന്ത്രി പറയൂ. ധനകാര്യമന്ത്രിയുടെ ഈ സഭയിലെ പ്രഖ്യാപനത്തിനുശേഷം കേരളത്തിൽ

എത്ര വാഹനങ്ങൾക്ക് ടാക്സ് അടച്ചില്ല എന്ന കാരണത്താൽ 5,000 രൂപയും 7,000 രൂപയും ഫൈൻ ഈടാക്കി? ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ പോലീസും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ചേർന്ന് തോന്നിയതുപോലെ ഫൈൻ ഈടാക്കി ജനങ്ങളെ ദ്രോഹിക്കുകയാണ്. നിങ്ങൾക്ക് പണമുണ്ടാക്കണമായിരിക്കും. അതിന് ഇങ്ങനെ കഷ്ടപ്പെടുന്ന ജനങ്ങളെ ദ്രോഹിക്കണോ? ധനകാര്യമന്ത്രിയുടെ പ്രഖ്യാപനം നടന്നിട്ടുപോലും ടാക്സ് അടച്ചില്ല എന്നുപറഞ്ഞുകൊണ്ട് ഓടാത്ത വാഹനത്തിന്റെ ഉടമകളിൽനിന്നും കുത്തിപ്പിടിച്ച് ഫൈൻ ഈടാക്കിയില്ലേ? എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ ഇവിടെ നടത്തിയത്? ഏത് മേഖല നോക്കിയാലും എല്ലാ ഭാഗത്തുനിന്നുമുള്ള തൊഴിൽ നഷ്ടങ്ങളെക്കുറിച്ചാണ് കാണാൻ സാധിക്കുന്നത്. കാർഷിക മേഖലയിൽ 2,000 കോടിയോളം രൂപയുടെയും മത്സ്യമേഖലയിൽ 1,600 കോടി രൂപയുടെയും നഷ്ടം വന്നിരിക്കുകയാണ്. അതുപോലെതന്നെ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലകൾ പൂർണ്ണമായി തകർന്നു. റസ്റ്റോറന്റുകൾ തുറക്കാൻ കഴിയുന്നില്ല. അതിനിടയിൽ കേന്ദ്ര സർക്കാർ ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കുള്ള പാചക വാതകത്തിന്റെ വിലയും വർദ്ധിപ്പിച്ചു. ഇതിനുപുറമെ

റസ്റ്റോറന്റുകൾക്ക് വാടകയും ഇലക്ട്രിസിറ്റി ചാർജ്ജിന്റെ മിനിമം റേറ്റെങ്കിലും കൊടുക്കേണ്ട സാഹചര്യവുമുണ്ട്.

പ്രവാസികളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. പ്രവാസികളിൽ ഒരുപാട് ആളുകൾ തിരിച്ചുപോകാൻ കഴിയാതെ വിഷമിക്കുകയാണ്. എന്ത് നടപടിയാണ് ഇക്കാര്യത്തിൽ നിങ്ങൾ സ്വീകരിച്ചത്? ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു സംസ്ഥാനമാണ് കേരളം. കോവാക്സിൻ ഗൾഫ് രാജ്യങ്ങളിൽ അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എന്താണ് സഭയിൽ പറഞ്ഞത്? കോവാക്സിന്റെ ബ്രാക്കറ്റിൽ 'AstraZeneca' എന്നെഴുതിയാൽ അവിടെ സ്വീകരിക്കുമെന്ന്. എന്നിട്ട് സ്വീകരിച്ചോ? (....ബഹളം....) കോവീഷീൽഡിൽ അല്ലെങ്കിൽതന്നെ 'AstraZeneca' എന്ന് എഴുതിയിട്ടുണ്ട്, അത് ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നതാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഷീൽഡ് വാക്സിൻ ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നുണ്ടായിരുന്നില്ല. അതിൽ Oxford- AstraZeneca എന്നുള്ള സർട്ടിഫിക്കറ്റ് നമ്മളാണ് സംസ്ഥാനതലത്തിൽ കൊടുക്കാൻ തീരുമാനിച്ചത്.

അതിനുശേഷം കുറേയേറെ ദിവസങ്ങൾ കഴിഞ്ഞാണ് കേന്ദ്ര സർക്കാർ അതിന് തയ്യാറായത്.

ശ്രീ. വി. ഡി. സതീശൻ: സർ, കോവാക്സിൻ അല്ല കോവിഷീൽഡാണ് ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നത്. ഇതറിയാതെ കോവാക്സിൻ സ്വീകരിച്ച ആളുകൾ എന്തുചെയ്യും? ആരോഗ്യവകുപ്പിന് ഇതുസംബന്ധിച്ച് എന്ത് മറുപടിയാണുള്ളത്? ഇനി രണ്ടാമത് അവർ കോവിഷീൽഡ് എടുക്കണോ? അപ്പോൾ ഒരു വ്യക്തിക്ക് രണ്ട് വ്യത്യസ്ത ഡോസ് വാക്സിനുകൾ സ്വീകരിക്കാൻ സാധിക്കുമോ? അങ്ങനെയുള്ളവർ തിരിച്ച് പോകാൻ കഴിയാതെ നിൽക്കുകയാണ്. (....ബഹളം....) നിങ്ങൾ മറുപടി പറയണ്ട. ഗവൺമെന്റാണ് മറുപടി പറയേണ്ടത്. എന്താണ് പോംവഴി? ഞങ്ങളോട് ആളുകൾ ഫോൺ ചെയ്ത് 'ഞങ്ങൾ കോവാക്സിൻ എടുത്തുപോയി, അത് ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നില്ല, ഇനി ഞങ്ങൾ എന്തുചെയ്യും, ഞങ്ങൾ എങ്ങനെ പോകും' എന്ന് ചോദിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്. കോവാക്സിൻ അംഗീകരിക്കണമെങ്കിൽ അത് ലോകാരോഗ്യ സംഘടനയോട്

കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട് സാധിച്ചെടുക്കണം. അതിനുവേണ്ടി സംസ്ഥാന സർക്കാർ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഇത് ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചുനിന്ന് ആവശ്യപ്പെടേണ്ട കാര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന സർക്കാർ കത്തുകൾ അയയ്ക്കുന്നുണ്ടാകാം, ഞാനും പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. നമുക്ക് ഒരു പരിഹാരമുണ്ടാകണ്ടേ? (....ബഹളം....) അവർക്ക് എന്താണ് പ്രശ്നം?

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. (....ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, പ്രധാനപ്പെട്ടൊരു വിഷയം അവതരിപ്പിക്കുകയല്ലേ? (....ബഹളം....) ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടിയല്ലേ. നിയമസഭയിൽ ഒരു വിഷയം കൊണ്ടുവരുന്നത് എന്തിനാണ്? ആ വിഷയം ഉദ്യോഗസ്ഥരുടെയും ഭരണകൂടത്തിന്റെയും ശ്രദ്ധയിൽകൊണ്ടുവന്ന് അത് പരിഹരിക്കപ്പെടുന്നതിനുവേണ്ടിയാണ്. അല്ലാതെ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതിനുവേണ്ടിയല്ല. (....ബഹളം....) ഒരുപാട് ആരോഗ്യമന്ത്രിമാർ വേണ്ട. (....ബഹളം....) കോവാക്സിൻ എടുത്ത ആളുകൾ എന്തുചെയ്യും? ആരോഗ്യ വകുപ്പിന്റെ മറുപടി എന്താണ്? അവർ കോവിഷീൽഡ് എടുത്തിട്ട് പോകണോ? അതോ കോവാക്സിൻ ഗൾഫ്

നാട്ടുകൾ അംഗീകരിക്കുന്നതുവരെ അവരുടെ വിസ നഷ്ടപ്പെടുത്തി ഇവിടെ നിൽക്കണോ? ഇത്തരം ആളുകൾക്ക് തിരിച്ചുപോകാൻ കഴിയുന്നില്ല. മടങ്ങി വന്ന പ്രവാസികളെ മുഴുവൻ ഇവിടെ നിർത്തണമെന്ന് ആഗ്രഹിക്കുന്നവരല്ലല്ലോ നമ്മൾ; പ്രവാസികളെ തിരിച്ച് അയയ്ക്കണം. പ്രവാസികളുടെ മടങ്ങി വരവുമൂലം സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്ത വിധത്തിൽ പ്രശ്നങ്ങളുണ്ടാക്കിയിരിക്കുകയാണ്. അക്കാര്യമാണ് പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്. നമ്മുടെ സമ്പദ് വ്യവസ്ഥയിലും സാമ്പത്തിക മേഖലയിലും ജനജീവിതത്തിലുമെല്ലാം ഗൗരവതരമായ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. അതുമൂലമുണ്ടായ സാമ്പത്തിക പ്രശ്നങ്ങളാണ് ഞങ്ങൾ അവതരിപ്പിച്ചത്. അതുപോലെ അസുഖങ്ങൾ വർദ്ധിച്ചുവരികയാണ്. അതായത്, കേരളത്തിലാണ് ഏറ്റവും കുറവ് കോവിഡ് രോഗമുള്ളതെന്നാണ് നമ്മൾ ആദ്യം അവകാശപ്പെട്ടത്. കാറ്റിനെപ്പോലെ കേരളത്തിൽ രോഗങ്ങളെ തടുത്തുനിർത്തി എന്നാണ് ന്യൂയോർക്ക് ടൈംസിലും വാഷിംഗ്ടൺ പോസ്റ്റിലുമൊക്കെ വലിയ വാർത്ത വന്നത്. പി.ആർ. വർക്ക് ആണെന്നൊക്കെ ആരോപണമുണ്ടായി. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കേരളത്തെക്കുറിച്ച് നല്ലൊരു വാർത്ത വന്നാൽ

സന്തോഷിക്കണം. എന്നാൽ രോഗികളുടെ എണ്ണം വർദ്ധിച്ച് മൂന്ന് മില്യൺ/മുപ്പതുലക്ഷം കടന്നുപോയപ്പോൾ നമ്മുടെ ആദ്യത്തെ അവകാശവാദം നഷ്ടപ്പെട്ടു. അപ്പോഴാണ് ഇന്ത്യയിൽ ടി.പി.ആർ. ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് അവകാശപ്പെട്ടത്. ഇന്ന് ഇന്ത്യയിൽ ടി.പി.ആർ. കുറയാതെ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറി. അതുപോലെ കോവിഡ് മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളമെന്ന് അവകാശപ്പെട്ടു. അതിന്റെ കണക്ക് എല്ലാവർക്കുമറിയാം. എന്റെ കയ്യിൽ ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭിച്ച വിവരങ്ങളുണ്ട്. സർക്കാരിന്റെ ഏജൻസിയാണത്. ഔദ്യോഗിക കണക്കും ഇൻഫർമേഷൻ കേരള മിഷന്റെ കണക്കും തമ്മിൽ ഏകദേശം പതിനായിരത്തിന്റെ വ്യത്യാസമുണ്ട്. 25000 പേർ മരിച്ചെന്നാണ് ഇൻഫർമേഷൻ കേരള മിഷൻ വിവരാവകാശത്തിലൂടെ ഞങ്ങൾക്ക് നൽകിയ വിവരം. അതേസമയം നിങ്ങളുടെ കണക്കിൽ അത് പതിനയ്യായിരമോ പതിനാറായിരമോ ആണ്. ഇൻഫർമേഷൻ കേരള മിഷന്റേത് ഔദ്യോഗിക കണക്കല്ലായെന്ന് നമുക്കെല്ലാവർക്കും അറിയാം. കേരളത്തിൽ ജനസാന്ദ്രത കൂടുതലാണെന്നും അതുകൊണ്ടാണ് അസുഖങ്ങൾ വരുന്നതെന്നുമൊക്കെ മുഖ്യമന്ത്രി മറുപടി

പറഞ്ഞു. കേരളത്തിൽ അസുഖങ്ങൾ കുറയണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചോദിച്ചത്. അതിനെന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്ര അസ്വസ്ഥനാകുന്നത്. അസുഖങ്ങൾ കുറയാതെ നിൽക്കുന്നതിനാൽ ഇപ്പോൾ തുടർന്നുവരുന്ന സിസ്റ്റത്തിൽ എന്തെങ്കിലും തകരാറുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് പറയാനുള്ള അവകാശമില്ലേ; അതല്ലേ അദ്ദേഹം ചോദിച്ചത്. അദ്ദേഹം വിമർശിക്കുകയാണോ ചെയ്തത്; അല്ലെങ്കിൽ വിമർശിക്കാൻ പാടില്ലായെന്നുണ്ടോ? നമ്മൾ ഫോളോ ചെയ്യുന്ന സിസ്റ്റത്തിൽ പ്രതീക്ഷിച്ച റിസൾട്ട് ഉണ്ടാകുന്നില്ലായെങ്കിൽ അതിലെന്തെങ്കിലും പരാജയമുണ്ടോയെന്ന് പരിശോധന നടത്തണമെന്ന് ഞങ്ങൾക്കാർക്കും പറയാൻ പാടില്ലേ; ഞങ്ങൾ അതല്ലേ പറഞ്ഞത്. പല വിദഗ്ദ്ധരും പല അഭിപ്രായങ്ങൾ പറയുന്നുണ്ട്. ഈ രീതി ശരിയല്ലെന്ന് വളരെ പ്രശസ്തരായ, ഇന്റഗ്രിറ്റിയുള്ള, international exposure ഉള്ള ഡോക്ടർമാർ അഭിപ്രായപ്പെടുന്നുണ്ട്. ഞങ്ങൾ ലോക്ക്ഡൗൺ നിയന്ത്രണത്തെക്കുറിച്ച് എന്താണ് പറഞ്ഞത്; നമ്മുടെ ഉദ്ദേശം എന്താണ്; Intention to restrict the crowd, ആൾക്കൂട്ടത്തെ നിയന്ത്രിക്കുക എന്നതാണ്.

To prevent the spread of Covid, കോവിഡ് വ്യാപനത്തെ തടയുന്നതിനുവേണ്ടി തിരക്ക് നിയന്ത്രിക്കുക. നിങ്ങൾ ആഴ്ചയിൽ ഒരു ദിവസം കട തുറക്കാൻ സമ്മതിച്ചാൽ സ്ഥിതി എന്താകും. ആറ് ദിവസത്തെ തിരക്കുകൂടി ഒറ്റദിവസം വരും. ആ ഒരു ദിവസംകൊണ്ട് കോവിഡ് വ്യാപിക്കും. അതാണ് ഈ സിസ്റ്റത്തിലുള്ള പ്രശ്നമെന്ന് പറഞ്ഞത്. നിങ്ങൾ ആറ് ദിവസം കട തുറക്കുമ്പോൾ ശരാശരി നൂറുപേർ കടയിൽ വരും. അത് മൂന്ന് ദിവസമാക്കി കുറച്ചാൽ ഒരു ദിവസം ഇരുനൂറ് പേരായി വർദ്ധിക്കും. അതിനാൽ ഇക്കാര്യത്തിൽ കോമൺസെൻസ്സുകൂടി അപ്ലൈ ചെയ്യണം. കാരണം ഉദ്യോഗസ്ഥർ എഴുതി കൊണ്ടുവരുന്നത് അതുപോലെ വായിക്കരുത്. അതിന്റെ താഴെ ഒപ്പ് വയ്ക്കരുത്. നമ്മൾ ജനപ്രതിനിധികളാണ്. ഉദ്യോഗസ്ഥർ അവരുടെ ചിട്ടവട്ടങ്ങളും രീതിയുമനുസരിച്ച് അഡ്വൈസ് ചെയ്യുന്നു. നമ്മളല്ലേ അതിൽ ഫൈനലായി തീരുമാനമെടുക്കേണ്ടത്. അല്ലെങ്കിൽ നമ്മുടെ ആവശ്യമില്ലല്ലോ; ബ്യൂറോക്രാറ്റുകൾ ഭരിച്ചാൽ പോരെ. നമ്മൾ ജനങ്ങളുടെ നിരവധി ആവശ്യങ്ങൾ രാവിലെ മുതൽ വൈകുന്നേരം വരെ കേൾക്കുന്നു. ഡോക്ടർമാർ ഒ.പി.-യിൽ ഇരിക്കുന്നതുപോലെ ഇരുന്ന് നമ്മൾ ജനങ്ങളുടെ പ്രശ്നങ്ങൾ

കേൾക്കുന്നു. ആളുകളുടെ പരാതികൾ ശ്രദ്ധിക്കുകയും ചിലത് മനസ്സിൽ സൂക്ഷിക്കുകയും ഒരവസരം ലഭിക്കുമ്പോൾ അത് പറയുകയും ചെയ്യുന്നു. ഞങ്ങൾ അത്തരമൊരു അവസരമാണ് ഈ സഭയിലുണ്ടാക്കിയത്. കഴിഞ്ഞ നിരവധി മാസക്കാലമായി കേരളത്തിന്റെ വൈവിധ്യമാർന്ന രംഗങ്ങളിൽനിന്ന് വരുന്ന കഷ്ടപ്പാടും ദുരിതവും പ്രയാസവും കണ്ണീരും ആത്മഹത്യയുടെ കഥകളും ഈ സഭയിൽ വന്ന് പറയേണ്ടതല്ലേ, ജനങ്ങളുടെ സങ്കടങ്ങൾ പറയണ്ടേ; ആ സങ്കടങ്ങൾകൂടി ചേർത്തുവച്ചുകൊണ്ടുവേണം തീരുമാനങ്ങൾ എടുക്കേണ്ടത്. ആ തീരുമാനങ്ങൾ യുക്തിപൂർവ്വമാണോയെന്ന് ഗവൺമെന്റ് ആലോചിക്കണം. അല്ലാതെ, വൈകുന്നേരമാകുമ്പോൾ അവർ എഴുതി തരുന്ന കാര്യങ്ങൾ മുഴുവൻ വായിക്കുകയും ഇതാണ് നടപടി ഇതിൽനിന്നും ഒരുമാറ്റവും വരുത്തുകയില്ലെന്ന് പറയുകയും ഈ സിസ്റ്റത്തിൽനിന്ന് ഒരുമാറ്റവും വരുത്താൻ ആര് പറഞ്ഞാലും സമ്മതിക്കില്ലെന്നുമുള്ള നിലപാട് ശരിയല്ല. ഞാൻ രണ്ട് കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി പറയുകയാണ്. പാവങ്ങളും നിസ്സഹായരും നിരാലംബരുമായ മനുഷ്യരുടെ കണ്ണീര് കാണാനും അവരുടെ സങ്കടങ്ങൾ കേൾക്കാനും കണ്ണും കാതുമുണ്ടാകണം. ദൗർഭാഗ്യവശാൽ ഞാൻ പറയട്ടെ,

ആ കണ്ണും കാതും നഷ്ടപ്പെട്ട ഒരു ഗവൺമെന്റായി നിൽക്കുന്നു. ഇലക്ഷൻ വരെയൊക്കെ അഡ്ജസ്റ്റ് ചെയ്തുപോയി. അതായത് 'തെരഞ്ഞെടുപ്പ് (പാലം) കടക്കുവോളം നാരായണ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ (പാലം കടന്നപ്പോൾ) കൂരായണ' എന്ന് പറയുന്നതുപോലെയാണ്. നിങ്ങൾ ഇപ്പോൾ ഒന്നും ശ്രദ്ധിക്കുന്നില്ല, സർക്കാർ ഒരു മേഖലയേയും ഒരു സെക്ടറിനെയും അഡ്രസ് ചെയ്യുന്നില്ല, ഒന്നും നോക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിനെക്കുറിച്ച് പറഞ്ഞു. അത് കഴിഞ്ഞ സഭയിൽ ഞങ്ങൾ പറഞ്ഞ കാര്യമാണ്, പുതിയ കാര്യമല്ലല്ലോ; ശ്രീ. രാഹുൽ ഗാന്ധി കൊണ്ടുവന്ന ഒരാശയമാണ് ഞങ്ങൾ പറഞ്ഞത്. ധനകാര്യ വകുപ്പുമന്ത്രി അത് തത്വത്തിൽ അംഗീകരിക്കുകയും പണമില്ലെന്ന് പറയുകയും ചെയ്തു. നിങ്ങൾ രണ്ട് കോവിഡ് പാക്കേജുകൾ പ്രഖ്യാപിച്ചു. രണ്ട് സ്റ്റിമുലസ് പാക്കേജുകൾ പുരപ്പുറത്ത് കയറിനിന്ന് പ്രഖ്യാപിച്ചു. എന്താണ് ആ സ്റ്റിമുലസ് പാക്കേജുകൾ. കരാറുകാരുടെ കടം കൊടുത്തു തീർത്തു, പെൻഷൻ കൊടുത്തു. It is a liability of the Government, you have to pay that... സർക്കാർ കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ചിരിക്കുകയാണ്. പണി പൂർത്തിയാക്കിയാൽ കാശ്

നൽകാമെന്നാണ് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിന്റെ ബാധ്യതയാണ്. മൂന്നുകൊല്ലം മുമ്പോ നാല് കൊല്ലം മുമ്പോ നിങ്ങൾ വച്ച എഗ്രിമെന്റിന്റെ ഭാഗമായി കോൺട്രാക്ടറിന്റെ കാശ് ഗവൺമെന്റ് കൊടുക്കുന്നു. അതെങ്ങനെയാണ് സ്റ്റിമുലസ് പാക്കേജ് ആകുന്നത്. Legally you are binding. തുക നൽകാൻ നിങ്ങൾ ബാധ്യസ്ഥരാണ്. മൂന്ന് കൊല്ലം മുമ്പ് നടത്തിയ വർക്ക് അല്ലെങ്കിൽ ഒരു കൊല്ലം മുമ്പ് നടത്തിയ വർക്കിന്റെ പേമെന്റ് കോൺട്രാക്ടർക്ക് കൊടുക്കുന്നതിനെ സ്റ്റിമുലസ് പാക്കേജെന്ന ഓമനപേരിട്ട് വിളിക്കാൻ നിങ്ങൾക്കല്ലാതെ വേറെ ആർക്കെങ്കിലും കഴിയുമോ. നിങ്ങൾ പെൻഷൻ കൊടുക്കുന്നുവെന്ന് പറയുന്നു. അതിനുവേണ്ടി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച് അലോക്കേഷൻ നൽകേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. ഏത് ഗവൺമെന്റ് വന്നാലും സാലറിയും പെൻഷനും നൽകണം, it is a liability of the Government. ഗവൺമെന്റ് പേമെന്റ് നടത്തണ്ടേ; ഗവൺമെന്റ് പെൻഷൻ നൽകുന്നത് സ്റ്റിമുലസ് പാക്കേജാക്കിയിരിക്കുന്നു. രണ്ടാമത്തെ സ്റ്റിമുലസ് പാക്കേജ് വന്നു. അതിൽ തുക വകയിരുത്താത്ത കാര്യം ഇപ്പോഴത്തെ മന്ത്രി കുറച്ചുകൂടി പാവമായതുകൊണ്ട് പറഞ്ഞു. ഇരുപതിനായിരം കോടി രൂപയുടെ

പ്രഖ്യാപനം മാത്രമേയുള്ളൂ. ഇരുപതിനായിരം കോടി രൂപ പ്രഖ്യാപിച്ചാൽ ഇതെങ്ങനെ ലഭിക്കും. അതിന് എവിടെനിന്ന് പണം കണ്ടെത്തും. അപ്പോൾ ഒരു പാക്കേജുമില്ല. ഗവൺമെന്റ് അതിന്റെ routine ജോലിക്കിടയിൽ ഗവൺമെന്റിന്റെ ബാധ്യത തീർക്കുന്നതിന് സ്റ്റിമുലസ് പാക്കേജായി പറഞ്ഞ് കഴിഞ്ഞാൽ ആളുകളുടെ കയ്യിൽ പൈസ ലഭിക്കുമോ. ജനങ്ങളുടെ കയ്യിൽ പണം കൊടുക്കണമെന്ന് നമ്മൾ പറഞ്ഞു. നിങ്ങൾ salaried class-ന് നൽകണ്ട, പാവങ്ങളെ കണ്ടെത്തി ഒരു മാനദണ്ഡം നിശ്ചയിച്ച് അവർക്ക് കൊടുക്കണം. നിങ്ങൾ പതിനായിരം കോടി രൂപ കൊടുക്കണം. അത് ഏത് സെക്ടറിനെയാണ് താങ്ങി നിർത്തേണ്ടതെന്ന് മനസ്സിലാക്കി നൽകൂ. 2013-ലാണ് ആദ്യമായി മൻമോഹൻ സിംഗ് ഗവൺമെന്റ് 'ജനനീ സുരക്ഷാ യോജന' എന്ന പേരിൽ ആദ്യത്തെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ഇന്ത്യയിൽ നടപ്പിലാക്കിയത്. അതുകഴിഞ്ഞ് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഒരുവിധത്തിൽ പറഞ്ഞാൽ 2008-ലെ മാന്ദ്യത്തെ മറികടക്കാൻവേണ്ടി ഉണ്ടാക്കിയ ഒരു ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറാണ്. നേരിട്ട് ആളുകളുടെ കയ്യിൽ പണമെത്തിക്കാനുള്ള ഒരു മാർഗ്ഗമാണ്. അത്തരം മാർഗ്ഗങ്ങൾ നിങ്ങൾ അവലംബിക്കണമെന്നാണ് പറയാനുള്ളത്. ഞങ്ങൾ

പ്രധാനപ്പെട്ട ഒരുനിർദ്ദേശം സർക്കാരിന്റെ മുമ്പിൽ വയ്ക്കുന്നു. സർക്കാർ പ്ലാനിംഗ് ബോർഡ് മോഡലിൽ കോവിഡ് ദുരന്തനിവാരണ കമ്മീഷൻ രൂപീകരിക്കണം. ആ കമ്മീഷൻ എല്ലാ സെക്ടറിലുമുണ്ടായിരിക്കുന്ന ദുരിതങ്ങൾ എന്താണ്, നഷ്ടങ്ങൾ എന്താണ്, ജനങ്ങളെ എങ്ങനെ ബാധിച്ചിരിക്കുന്നുവെന്ന് പരിശോധിക്കണം. ഓരോ സെക്ടറിനുമുള്ള എക്സ്പെർട്ടുകളെ കമ്മീഷന് നിയമിക്കാം. ഗവൺമെന്റിന്റെ കൈവശമുള്ള വിവരങ്ങൾ വച്ച് നിലവിലുള്ള കാര്യങ്ങൾ ചെയ്തുകഴിഞ്ഞാൽ പത്തോ പതിനഞ്ചോ ദിവസം കൊണ്ട് എല്ലാ ഗ്രൂപ്പുകൾക്കും...... പ്ലാനിംഗ് ബോർഡ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതുപോലെ ഓരോ ഗ്രൂപ്പുകൾക്കും സെക്ടർ തിരിച്ചാൽ മതി. ഏറ്റവും കൂടുതൽ ഇംപാക്ട് ഉണ്ടായിരിക്കുന്ന സെക്ടറുകൾ തിരിച്ചാൽ പ്രസ്തുത റിപ്പോർട്ട് ലഭിക്കും. അതിന്റെ അടിസ്ഥാനത്തിൽ കോവിഡ് ദുരന്തനിവാരണ കമ്മീഷന് ഗവൺമെന്റിന് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കാം. നിങ്ങൾ ഇതുവരെ പഠിച്ചില്ലല്ലോ; ഓരോ സെക്ടറിലും എന്ത് സംഭവിച്ചുവെന്ന് നിങ്ങൾ പഠിക്കേണ്ടതല്ലേ, അല്ലാതെ ഞങ്ങളാണോ പഠിക്കേണ്ടത്. ഞങ്ങൾ പഠിച്ചിട്ടുണ്ട്, സർക്കാർ കൂടി പഠിക്കണം. സർക്കാർ പഠിക്കുമ്പോൾ കുറേക്കൂടി ആധികാരികത അതിൽ വരും. നിങ്ങൾ പഠിച്ച്

റിപ്പോർട്ട് കൊടുത്ത് ഞങ്ങളുമായി കൂടിയാലോചിച്ച്..... തമിഴ്നാട്ടിലെ മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ അധികാരത്തിൽ വന്നതിനുശേഷം നാലുപ്രാവശ്യം ഓൾ പാർട്ടി മീറ്റിംഗുകൾ നടത്തി എല്ലാവരുമായി അദ്ദേഹം സംസാരിച്ചു. അദ്ദേഹം നാലായിരം രൂപ കോവിഡ് റിലീഫായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകി. പാലിന്റെ വില കുറച്ചു. അങ്ങനെ ധാരാളം കാര്യങ്ങൾ ചെയ്തു. നിരവധി കൂടിയാലോചനകൾ നടത്തി തീരുമാനങ്ങൾ എടുത്തു. പഞ്ചാബിനെ സംബന്ധിച്ച് പറഞ്ഞ കാര്യം ശരിയല്ല. 13,800 കോടി രൂപയുടെ പുതിയ ശമ്പള കമ്മീഷന്റെ പ്രഖ്യാപനം പഞ്ചാബിലെ മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗ് നടപ്പിലാക്കിയിരിക്കുകയാണ്. അല്ലാതെ പഞ്ചാബിൽ ശമ്പളം കൊടുക്കാത്ത സ്ഥിതിയല്ല ഉള്ളത്. പഞ്ചാബിൽ മിനിമം ശമ്പളം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പഞ്ചാബിലെ കോൺഗ്രസ് ഗവൺമെന്റ് ശമ്പളം കൊടുക്കാതിരുന്നിട്ടില്ല. ധനകാര്യമന്ത്രി യു.പി.-യുമായി കേരളത്തെ താരതമ്യപ്പെടുത്തിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ യു.പി.യുമായി കേരളത്തെ താരതമ്യപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെ ആരെങ്കിലും

താരതമ്യപ്പെടുത്തുമോ? മിഷനറികളുടെയും രാജഭരണത്തിന്റെയും കാലംമുതൽ ജനാധിപത്യ ഗവൺമെന്റുകൾ അധികാരത്തിൽ വന്നതിനുശേഷവും കേരളത്തിൽ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ഗൗരവതരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. മഹാമാരിയെ നേരിടുമ്പോൾ അതിന്റെ റിസൾട്ട് ഇപ്പോൾ കാണുന്നില്ല, അതിനെന്താണ് സംഭവിച്ചതെന്ന് പരിശോധിക്കണം. മുഖ്യമന്ത്രി എപ്പോഴും പറയുന്നത്, ഞങ്ങൾ ജയിച്ചില്ലേ; ഞങ്ങൾക്ക് 99 സീറ്റ് കിട്ടിയില്ലേ എന്നാണ്. ജനവിധിയെന്നത് ജനോപകാരപ്രദങ്ങളായ തീരുമാനങ്ങളെടുക്കാനുള്ള ഉത്തേജകമായി മാറണം. അല്ലാതെ ധാർഷ്ട്യത്തിനും അഹങ്കാരത്തിനും എന്തും ചെയ്യാനുള്ള ലൈസൻസായി വഴിമാറരുത്. വിമർശനം നടത്തിയാൽ അപ്പോഴേയ്ക്കും പൊട്ടിത്തെറിക്കും. കോവിഡ് രീതിയെക്കുറിച്ചുള്ള കാര്യങ്ങൾ ഞങ്ങൾ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊട്ടിത്തെറിക്കുന്നതെന്തിനാണ്? അണികളെല്ലാവരും ചേർന്ന് ദൈവമാക്കി വച്ചിരിക്കുന്നതിനാൽ താൻ വിമർശനത്തിന് അതീതനാണെന്ന ചിന്ത മുഖ്യമന്ത്രിയെ ഭരിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. ഏത് ദൈവമായാലും ഏത് ചക്രവർത്തിയായാലും ഞങ്ങൾ വിമർശിക്കേണ്ടിടത്ത്

വിമർശിക്കുകതന്നെ ചെയ്യുമെന്ന് ഓർമ്മപ്പെടുത്തുന്നു. കേരളം തകർന്നിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് ഗൗരവതരമായ ചർച്ചപോലും ഈ നിയമസഭയിൽ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ വളരെ കുറച്ച് സമയം മാത്രമാണ് സംസാരിക്കുന്നത്, ബഹുമാനപ്പെട്ട സ്പീക്കർ ഇടയ്ക്ക് ഓർമ്മിപ്പിക്കാതിരിക്കാൻവേണ്ടി പറഞ്ഞതാണ്. ഞങ്ങൾക്ക് വളരെയധികം ചാരിതാർത്ഥ്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ലാത്തതിനാൽ ധനകാര്യ വകുപ്പുമന്ത്രിയെങ്കിലും ഇതുശ്രദ്ധിച്ചാൽ നന്നായിരിക്കും. ലോകത്ത് ഏറ്റവും കൂടുതൽ കോവിഡ് വ്യാപനമുള്ളത് ഇന്ത്യയിലാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ രോഗവ്യാപനമുള്ളത് കേരളത്തിലാണ്. കോവിഡ് വ്യാപനത്തിന്റെ കാര്യത്തിൽ സിങ്കപ്പൂരിലും ഇപ്പോൾ കേരളത്തിന്റെ സ്ഥിതിയാണ്. തായ്‌വാനിലെ ആളുകൾ സിങ്കപ്പൂരിൽ വന്നതുകൊണ്ട് അവിടെ കോവിഡ് വ്യാപനമുണ്ടായി. ഇപ്പോൾ സിങ്കപ്പൂരും അല്ലാതെ

ഒന്നരണ്ട് രാജ്യങ്ങളിലുമാണ് കോവിഡിന്റെ കാര്യത്തിൽ കേരളത്തിന്റെ സമാന സ്ഥിതിയുള്ള സ്ഥലങ്ങൾ. WHO പറയുന്നത് രണ്ടാംഘട്ടം കഴിഞ്ഞുവെന്നാണ്. ഇവിടെ അത് സംഭവിക്കാത്തതിൽ ചാരിതാർത്ഥ്യമുള്ളതിനാൽ ഞങ്ങൾ അത് ചൂണ്ടിക്കാണിക്കും. പുതിയൊരു സിസ്റ്റം ഡെവലപ്പ് ചെയ്ത് ലോകജനത മുഴുവൻ നോർമൽ ലൈഫ് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 'ഞങ്ങൾ പിടിച്ച മുയലിന് മൂന്ന് കൊമ്പ്'എന്ന് പറഞ്ഞ് നിൽക്കുന്നുവെങ്കിൽ നിൽക്കൂ. പക്ഷേ, ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. നിങ്ങൾ ആലോചിക്കാൻവേണ്ടി പറയുകയാണ്. ബിവറേജിനെ സംബന്ധിച്ച് നിങ്ങൾ ഒരു സിസ്റ്റം നടപ്പിലാക്കിയില്ലേ; സിസ്റ്റം നടപ്പിലാക്കിയ വേറെ ഏരിയകൾ ഉണ്ടല്ലോ; കോവിഡ് വ്യാപനമുണ്ടാക്കാത്ത രീതിയിൽ നോർമൽ ലൈഫിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടുവരാൻ കഴിയുമെന്ന് വിദഗ്ദ്ധർ പറയുന്നു. അത് ചർച്ച ചെയ്യുന്നതിൽ നിങ്ങൾക്ക് എന്തിനാണ് പിടിവാശി? ഒരുമിച്ചുനിന്ന് സഹകരിക്കണമെന്നുപറഞ്ഞ് രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾ അതിന് തയ്യാറാണ്. കേരളത്തിന്റെ കാര്യത്തിൽ ആശങ്കയുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞതായി വാർത്തയിൽ കേട്ടത് ഏത്

സന്ദർഭത്തിലാണെന്ന് എനിക്കറിയില്ല. അത് നമ്മൾ മുതലാക്കണം. ഈ അവസരത്തിൽ മാക്സിമം വാക്സിൻ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നതിനായി നിങ്ങൾ നടത്തുന്ന ശ്രമങ്ങൾക്കൊപ്പം നിൽക്കാൻ ഇവിടത്തെ പ്രതിപക്ഷം തയ്യാറാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും വാക്സിനേറ്റഡ് ആക്കാൻ ഈ സാഹചര്യത്തിൽ നമുക്ക് സാധിക്കും. ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളെക്കാളും കൂടുതൽ മുൻഗണന ഈ അവസരത്തിൽ നമ്മുടെ സംസ്ഥാനത്തിനുണ്ട്. ഇന്ത്യയ്ക്ക് ലഭിക്കുന്ന remittance ആണ് പ്രവാസികൾ. ഇന്ത്യൻ ഇക്കോണമിയെ പ്രവാസികൾ സഹായിക്കുന്നുണ്ട്. കേരളത്തിൽ മാത്രമല്ല പ്രവാസികളുള്ളത്, ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. വാക്സിൻ ലഭ്യതയുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷി യോഗത്തിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കണം. മടങ്ങിപ്പോകാൻ കഴിയാത്തതുകൊണ്ടാണ് പ്രവാസികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നത്. ഇന്ത്യയിൽനിന്നുള്ള ആളുകളെ ചില വിദേശരാജ്യങ്ങളിലേയ്ക്ക് പ്രവേശിക്കാൻ സമ്മതിക്കുന്നില്ല. ഇക്കാര്യം ഇന്ത്യാ ഗവൺമെന്റ് ടേക്ക് അപ്പ് ചെയ്യണം. ഇതൊരു constructive sugession

ആയതിനാൽ ഞങ്ങൾ അക്കാര്യത്തിൽ കേരള ഗവൺമെന്റിനൊപ്പം നിൽക്കാൻ തയ്യാറാണ്. ടൂറിസം മേഖലയിൽ എൻവയോൺമെന്റ് നോക്കുകയാണെങ്കിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. ആ രീതിയിൽ നമുക്ക് ടൂറിസം പോളിസിയും ഇൻഡസ്ട്രിയൽ പോളിസിയുമുണ്ടാക്കാം, വാക്സിൻ കൂടുതൽ ലഭ്യമാക്കാം. അല്ലാതെ ഞങ്ങൾ ഒന്നിനുമില്ലെന്നുള്ള നിലപാട് സ്വീകരിച്ചാൽ ശരിയാകില്ല. കുറച്ചുകൂടി ലിബറലായി, സംസ്ഥാനത്തെ നോർമൽ ലൈഫിലേയ്ക്ക് കൊണ്ടുവരാനുള്ള മനസ്സ് നിങ്ങൾക്കുണ്ടെങ്കിൽ അതിനൊപ്പം നിൽക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറാണ്. പക്ഷേ ഇക്കാര്യങ്ങളൊന്നും ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. പി. ജെ. ജോസഫ്: സർ, കോവിഡ് വ്യാപനം തടയാൻ നമ്മൾ സ്വീകരിച്ചിരിക്കുന്ന നിലപാടുകൾ സഹായകരമാണോയെന്ന്

പരിശോധിക്കണം. കാരണം, ശനിയും ഞായറും ലോക്ഡൗൺ ആയതിനാൽ വെള്ളിയാഴ്ചയും തിങ്കളാഴ്ചയും വലിയ തിരക്കാണ്. ഡിസ്ട്രിബ്യൂട്ടട് ആണെങ്കിൽ തിരക്ക് വളരെ കുറയും. അത്തരം കാര്യങ്ങളിൽ ഒരു പുനഃപരിശോധന വേണമെന്നാണ് എനിക്ക് പറയാനുള്ളത്. Stimulus package-ന്റെ ഭാഗമായി തമിഴ്‌നാട് 4,000 രൂപ വീതം എല്ലാ കാർഡ് ഉടമകൾക്കും നൽകിയെങ്കിൽ അതിനൊരു അർത്ഥമുണ്ട്. ഇപ്പോഴുള്ള സാമ്പത്തിക പ്രതിസന്ധിയിൽ അങ്ങനെയൊരു Stimulus package നടപ്പാക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. അത് പ്രായോഗികമായി ചിന്തിക്കണം. അത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി )

ശ്രീ. അനൂപ് ജേക്കബ്: സർ, കോവിഡ് മഹാമാരിയും അശാസ്ത്രീയമായ ലോക്ഡൗണും സാമൂഹികവും സാമ്പത്തികവുമായ തകർച്ച സംസ്ഥാനത്തുണ്ടാക്കിയിരിക്കുകയാണ്. ഇവിടെ ഉന്നയിച്ച വിഷയങ്ങൾ വളരെ മനസ്സിരുത്തി ഗൗരവപൂർവ്വമായി ഗവൺമെന്റ്

ഉൾക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജനങ്ങൾ ഇന്ന് ആത്മഹത്യയുടെ വക്കിലാണ് എത്തിനിൽക്കുന്നത്. അനവധിപേർ ആത്മഹത്യ ചെയ്തുകഴിഞ്ഞു. ലൈറ്റ് ആന്റ് സൗണ്ട്സ് മേഖലയിലെ അഞ്ചോളം ആളുകളാണ് ആത്മഹത്യ ചെയ്തത്. ആ യാഥാർത്ഥ്യത്തെ കണ്ണ് തുറന്നുകാണാൻ ഗവൺമെന്റ് തയ്യാറാകണം. ജനങ്ങളെ വീണ്ടും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള Stimulus package നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)